

# സിഹ്റും കണ്ണേറും

മൗലവി ഉസ്മാൻ ഹാജി Ph.D

**Publishers: Treasure Valley Publications**



# Sihrum Kannerum

(Malayalam)

By

Moulavi Usman Haji Ph.D

Printing : Kavitha Offset Press,
Mananthavady, Ph: 274385
First Edition : September 2012
Second Edition : April 2013
Copies : 10000
Price Rs. : 40.00
All Rights Reserved

# മൗലവി ഉസ്മാൻഹാജിയുടെ

# ത്വൽസമാത്ത്
# പ്രതിവിധി

മഹാൻമാരുടെ ഇജാസത്ത് പ്രകാരം നിങ്ങളുടെ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾക്കും ബിസിനസ്സ്, വീട്, യാത്ര മുതലായവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കും ത്വൽസമാത്തിലൂടെ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും പ്രതിവിധികൾ ചെയ്തുകൊടുക്കുകയും ചെയ്യുന്നു. നിങ്ങളുടെ പ്രശ്നങ്ങൾ വിശദമായി എഴുതി അറിയിക്കുക.

**ഫോൺ: 04833 390900**

*വിലാസം:*

**മൗലവി ഉസ്മാൻ ഹാജി**
**തസ്നീം നിവാസ്**
**മുള്ളൽ, ആലാറ്റിൽ പി.ഒ. - 670644**
**വയനാട്.**

# സിഹ്റും കണ്ണേറും

## മൗലവി ഉസ്മാൻ ഹാജി Ph.D

സിഹ്റ്, കണ്ണേറ്, അസ്മാഉ്,
ത്വൽസമാത്ത്, മന്ത്രം, ദുർമന്ത്രവാദം
തുടങ്ങിയ കാര്യങ്ങൾ ഇന്നും
മനുഷ്യർക്കിടയിൽ ഒരു പരീക്ഷണ വസ്തുവാണ്.
അത്തരം കാര്യങ്ങൾ ഇല്ല എന്നു വാദിക്കുന്നവർ,
ഉണ്ടെന്ന് കരുതി അവയെ ചൂഷണോപാധിയാക്കു
ന്നവർ ഈ ഇരു വിഭാഗങ്ങൾക്കുമിടയിൽ നിന്ന്
വസ്തുതകളെ പ്രാമാണിക ഗ്രന്ഥങ്ങളുടെ അടിസ്ഥാ
നത്തിൽ നിർവ്വചിക്കാനുള്ള ഗ്രന്ഥകാരന്റെ ശ്രമം
സാധാരാണക്കാരന് ഒരു വഴികാട്ടിയും
പണ്ഢിതർക്കുപോലും
ഒരു കൈപ്പുസ്തകവുമാകുമെന്ന
കാര്യത്തിൽ സംശയമില്ല.

വില : 40.00

All Rights Reserved

## ഗ്രന്ഥകാരനെ കുറിച്ച്:-

**മൗലവി ഉസ്മാൻ ഹാജി** വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ മുള്ളൽ സ്വദേശിയാണ്. കഴിഞ്ഞ 20 വർഷത്തിലേറെയായി ജ്യോതിഷ-മാന്ത്രിക മേഖലകളിൽ അനിഷേധ്യ സാന്നിദ്ധ്യമായ ഇദ്ദേഹം അറബി - ത്വൽസമാത്ത് ചികിത്സയിൽ അഗ്രഗണ്യനാണ്. പിതാവായ കളരിത്തൊടി മുഹമ്മദ് മുസ്ല്യാരിൽ നിന്നു പുറമെ മൗലാനാ ഫസ്ലുൽ ഹഖ് ഖൈറാബാദി തുടങ്ങിയ പ്രമുഖ ത്വൽസമാത്ത് വിദഗ്ദരിൽ നിന്നും ത്വൽസമാത്ത് ചികിത്സയിൽ പ്രാവീണ്യം നേടി. 2009 ൽ കൊളംബോ യൂണിവേഴ്സിറ്റിയിൽ നിന്നും കൗൺസിലിംഗ് & സ്പിരിച്വൽ ഹീലിങ്ങിൽ ഡോക്ടറേറ്റ് നേടിയ ഇദ്ദേഹം **ഏഷ്യാനെറ്റ്, മഴവിൽ മനോരമ** തുടങ്ങിയ പ്രമുഖ ചാനലുകളിലും " **നയീ ദുൻയാ** " തുടങ്ങിയ പത്രങ്ങളിലും ഇവ്വിഷയകമായി സംവദിക്കാറുണ്ട്. " **കൂരിരുട്ടിൽ ഒരു കൈവെട്ടം**" തുടങ്ങി ഏഴ് പുസ്തകങ്ങൾ ഇദ്ദേഹത്തിന്റേതായി ഇതിനു മുമ്പ് പുറത്തിറങ്ങിയിട്ടുണ്ട്.

ഇദ്ദേഹത്തിന്റെ സഹോദരങ്ങളെല്ലാം ഉന്നത മതപാണ്ഡിത്യം നേടിയവരും വിവിധ പള്ളി മദ്റസകളിലായി സേവനം ചെയ്യുന്നവരുമാണ്. മക്കൾ: അമീന തസ്നീം, മുഹ്സിന സൈതൂൻ, മുഹമ്മദ് അൽത്വാഫ്, റുഖിയ ജാസ്മിൻ, റാബിയ മുംതാസ്, മുഹമ്മദ് അജ്നാസ്

***വിലാസം:***


**തസ്നീം നിവാസ്**

**മുള്ളൽ, ആലാറ്റിൽ പി.ഒ.**

**തലപ്പുഴ - 670644**

**വയനാട്, കേരള**

**ഫോൺ: 04833 390900**

# സമർപ്പണം

മഹത്തുക്കളായ ഗുരുകാരണവൻമാരെ ഓർക്കുന്നു. പ്രത്യേകിച്ച് അഭിവന്ദ്യ പിതാവ് കളരിത്തൊടി മുഹമ്മദ് മുസ്ല്യാർ, ഉസ്താദ് ചെർള അബ്ദുറഹ്മാൻ മുസ്ല്യാർ, ആദൃശ്ശേരി മുഹമ്മദ് മുസ്ല്യാർ, സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ എന്നിവരെ-അല്ലാഹു അവർക്ക് മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കട്ടെ.. നമ്മെയും.

# അവതാരിക

“ **സിഹ്റും കണ്ണേറും** ” എന്ന പേരിൽ മൗലവി ഉസ്മാൻ ഹാജി എഴുതിയ പുസ്തകം ശ്രദ്ധയിൽപെട്ടു. അതിന്റെ മുഖവുരയിൽ അദ്ദേഹമെഴുതിയ പോലെ മനുഷ്യർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന സിഹ്റും കണ്ണേറും അതിന്റെ പ്രതിവിധികളും ഇന്നും ഒരു പരീക്ഷണ വസ്തുവാണ്. അന്ധവിശ്വാസമെന്നും തട്ടിപ്പെന്നും പെട്ടെന്ന് ഉത്തരം നൽകുന്ന വിവരദോഷികൾ ഒരു ഭാഗത്തും മറ്റുള്ളവന്റെ ബുദ്ധിമുട്ട് ചൂഷണം ചെയ്ത് പണമാക്കുന്ന ചികിത്സാകാരികൾ എന്ന വിരുതൻമാർ മറ്റൊരു ഭാഗത്തും. ഈ ഇരുവിഭാഗത്തിനുമിടയിൽ നിന്ന് സിഹ്റ്, കണ്ണേറ് എന്നിവയുടെ നിജസ്ഥിതിയെയും പ്രമാണിക ഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ അവയുടെ ലളിതമായ പരിഹാരങ്ങളെയും വിശദീകരിക്കാനുള്ള ഇദ്ദേഹത്തിന്റെ ശ്രമം അങ്ങേയറ്റം ശ്ലാഘനീയമാണ്. സർവ്വശക്തനായ അല്ലാഹു അദ്ദേഹത്തിനും നമുക്കും ഇതൊരു സൽക്കർമ്മമായി സ്വീകരിക്കുമാറാവട്ടെ.

**ആനമങ്ങാട് അബൂബക്കർ മുസ്ല്യാർ**

**കമ്പളക്കാട്**

**2–3–12**

# മുഖവുര

മനുഷ്യനും മറ്റു സൃഷ്ടികൾക്കും ജീവിതവും ജീവിത സാഹചര്യവും പ്രപഞ്ചത്തിൽ ക്രമീകരിച്ചു നൽകിയ അല്ലാഹുവിന് സ്തുതി. അവൻ സർവ്വ സൃഷ്ടികൾക്കും അന്നം നൽകുന്നു. അവന്റെ അറിവിൽപ്പെടാതെ ഒരു സൃഷ്ടിക്കും വാസസ്ഥലമില്ല. സർവ്വതിനെയും അവൻ ഇണകളായി സൃഷ്ടിച്ചു പ്രപഞ്ചത്തിന്റെ ആവാസ വ്യവസ്ഥ ക്രമീകരിച്ചിരിക്കുന്നു. ലോകാവസാനം വരെയുള്ള സർവ്വമനുഷ്യരുടെയും സർവ്വ സമസ്യകൾക്കും പൂരണവും സർവ്വപ്രശ്നങ്ങൾക്കും പ്രതിവിധിയുമോതിയ പ്രവാചകരെ ഓർക്കുന്നു. അല്ലാഹുവിന്റെ സ്വലാത്തും സലാമും പ്രവാചകരിലുണ്ടാവട്ടെ. അവിടുത്തെ അനുചരൻമാരെയും അവരെ പിന്തുടർന്നവരെയും നാഥൻ അനുഗ്രഹിക്കട്ടെ.

വർഷങ്ങൾക്ക് മുമ്പ് അഥവാ സഹസ്രാബ്ദങ്ങൾക്ക് മുമ്പ് അല്ലാഹുവിന്റെ ഉൽകൃഷ്ട ദാസൻമാരായ മലക്കുകൾ ഭൂമിയിലെ മനുഷ്യർ ചെയ്തുകൂട്ടുന്ന അക്രമങ്ങളെക്കുറിച്ച് അല്ലാഹുവിനോട് പരാതി പറഞ്ഞു. അവരുടെ കൊലയെ സംബന്ധിച്ചും, കൊള്ളയെ സംബന്ധിച്ചും, വ്യഭിചാരത്തെ സംബന്ധിച്ചുമെല്ലാം. "അവർക്കു നൽകപ്പെട്ട വികാരവിചാരങ്ങൾ നിങ്ങൾക്ക് നൽകപ്പെട്ടാൽ നിങ്ങൾ അവരേക്കാൾ മോശക്കാരാകുമെന്ന് " അല്ലാഹു അവരോട് മറുപടി നൽകി. "ഇല്ല ഒരിക്കലും ഞങ്ങൾ വഴിപിഴക്കില്ലെ"ന്നായി മലക്കുകൾ. ശരി. നിങ്ങളിൽ നിന്നും രണ്ട് പേരെ തെരഞ്ഞെടുക്കുക. അവർക്ക് ഞാൻ മനുഷ്യരുടെ വികാരവിചാരങ്ങൾ നൽകി പരീക്ഷിക്കാം. അല്ലാഹു അവർക്ക് നിർദ്ദേശം നൽകി. അങ്ങിനെസർവ്വശക്തന്റെ പരീക്ഷണത്തിൽ ഹാറൂത്തു-മാറൂത്തുമാർ അങ്ങിനെ നിയോഗിതരായി ഭൂമിയിലെത്തി. അവരിൽ നിന്നും ഭാര്യഭർത്താക്കൻമാരെ പരസ്പരം ഭിന്നിപ്പിക്കുന്ന രീതി അഥവാ സിഹ്റ് പഠിക്കാൻ നിരവധിയാളുകളെത്തി. അവരോട് ഹാറൂത്തും മാറൂത്തും ഇങ്ങനെ പറഞ്ഞു. "നിശ്ചയം, ഞങ്ങൾ നിങ്ങളിലേക്ക് ഒരു പരീക്ഷണമാണ്. ആയതിനാൽ ഞങ്ങൾ കാരണം നിങ്ങൾ അവിശ്വാസികളാവരുത് ". അങ്ങിനെ ഭൂമിയിൽ ഉൽഭവിച്ച സിഹ്റ് സഹസ്രാബ്ദങ്ങൾക്ക് ശേഷം ഇന്നും ഒരു പരീക്ഷണമായി

തുടരുന്നു. സിഹ്റ് എന്ന പ്രതിഭാസം ഇല്ല എന്നു പറഞ്ഞ് അവിശ്വാസികളായവർ, സിഹ്റ് ബാധിക്കയാൽ മതവിശ്വാസം കൈവെടിഞ്ഞ് ദൈവനിഷേധത്തിലേക്ക് നീങ്ങുന്നവർ. സിഹ്റിന് പ്രതിവിധി തേടി ഏകദൈവ വിശ്വാസം കൈവെടിഞ്ഞ് ബഹുദൈവത്തിലേക്ക് നീങ്ങയാൽ അവിശ്വാസികളായവർ - ഹാറൂത്തു-മാറൂത്തുമാർ പറഞ്ഞത് എത്ര ശരിയാണ് അല്ലേ? ഇസ്ലാമിക വിശ്വാസത്തിൽ നിന്നു കൊണ്ടു തന്നെ ഹാറൂത്തും മാറൂത്തും പറഞ്ഞപോലെ സിഹ്റിന്റെ യാഥാർത്ഥ്യങ്ങളെക്കുറിച്ചറിയാൻ അതിൽ നിന്നും ചൂഷണത്തിലേക്ക് നീങ്ങുന്നവർക്കും അവിശ്വാസത്തിലേക്ക് നീങ്ങുന്നവർക്കും പ്രതിരോധമുണ്ടാക്കാനുള്ള ഒരെളിയ ശ്രമം. അതാണ് അനുവാചകരുടെ കയ്യിലുള്ള ഈ ചെറുഗ്രന്ഥം. സത്യാന്വേഷികൾക്ക് ഒരു കൈപ്പുസ്തകവും ചികിത്സ നടത്തുന്നവർക്ക് ഒരു വഴി കാട്ടിയും ഏതു തരത്തിലും അവിശ്വാസത്തിലേക്ക് നീങ്ങുന്നവർക്ക് ഒരു പ്രതിരോധവുമാകാൻ ഈ പുസ്തകം ഉപകരിക്കുമെന്ന് പ്രത്യാശിക്കുന്നു. അതിനായി സർവ്വശക്തനോട് പ്രാർത്ഥിക്കുന്നു. ഈ പുസ്തകത്തിന്റെ രചനയിൽ ആധികാരികമായ ഇമാമുമാരുടെ ഗ്രന്ഥങ്ങളിലെ പരാമർശങ്ങളും മഹത്തുക്കളായ ഉസ്താദുമാരുടെ തിരുത്തലുകളും എനിക്ക് വഴികാട്ടിയിട്ടുണ്ട്. തികച്ചും ആധികാരിക മാന്ത്രിക ഗ്രന്ഥങ്ങൾ, തഫ്സീറുകൾ മുതലായവ അവലംബിച്ചെഴുതിയ ഈ ഗ്രന്ഥത്തിൽ വല്ല തെറ്റും ഉണ്ടെങ്കിൽ ചൂണ്ടിക്കാണിക്കുന്ന പക്ഷം അടുത്ത എഡിഷനിൽ തിരുത്താമെന്ന ഉറപ്പോടെ സാദരം അനുവാചകരിലേക്ക് കൈമാറുന്നു.

ഇതിന്റെ രചനയിൽ എന്നെ സഹായിച്ചു തന്ന, പ്രത്യേകിച്ച് അവതാരിക എഴുതി ഇതിനെ ധന്യമാക്കിയ ആനമങ്ങാട് അബൂബക്കർ മുസ്ല്യാർ, ഡി.റ്റി.പി. നിർവ്വഹിച്ച കവിത പ്രസ്സ് മാനന്തവാടി, ഇതിന്റെ തമിഴിലേക്കുള്ള ട്രാൻസലേഷൻ ചെയ്തുതന്ന ശക്തിവേലു, എം.പി.ജി. മേനോൻ എന്നിവർക്കും ഹിന്ദിയിലേക്കും ഗുജറാത്തിയിലേക്കും വിവർത്തനം ചെയ്ത ശ്രീ പ്രമോദ് ഉണ്ണി, കന്നടയിലേക്ക് വിവർത്തനം ചെയ്ത രാജ്ഖന്ന പഞ്ചാബിയിലേക്ക് മൊഴിമാറ്റിയ ഗുരുചരൺസിംഗ്, ഉറുദു ട്രാൻസലേഷൻ നിർവ്വഹിച്ച റബീഉല്ലഖാൻ തുടങ്ങിയ അണിയറ പ്രവർത്തകർക്കും അകൈതവമായ നന്ദിയും കടപ്പാടും ഇവിടെ കുറിക്കട്ടെ.

# - സിഹ്റും കണ്ണേറും -

## ചില വസ്തുതകൾ

മനുഷ്യജീവിതം ദുസ്സഹമാക്കുന്ന യാഥാർത്ഥ്യങ്ങ (നെഗറ്റീവ് എനർജി) ളാണ് സിഹ്റും കണ്ണേറും. പലരും അന്ധവിശ്വാസമെന്ന് പറഞ്ഞ് പരിഹസിക്കുന്നുണ്ടെങ്കിലും അനുഭവസ്ഥരെ സംബന്ധിച്ചിടത്തോളം ഇത് യാഥാർത്ഥ്യം മാത്രമാണ്. ചില വ്യക്തികളിൽ വർദ്ധിച്ച തോതിൽ കേന്ദ്രീകരിക്കപ്പെടുന്ന നെഗറ്റീവ് എനർജി ചില പ്രത്യേക സമയങ്ങളിൽ അയാളുടെ കണ്ണിലൂടെയോ നാവിലൂടെയോ ബഹിർഗമിക്കുന്ന പ്രതിഭാസമാണ് കണ്ണേറ്. ഈ എനർജി (പവർ) ഏൽക്കുന്ന കൃഷി, മനുഷ്യൻ, ജീവജാലങ്ങൾ, കച്ചവടം എന്നു തുടങ്ങി സർവ്വതും നശിക്കുന്നു. കെട്ടിടങ്ങൾ ചില്ലുകൂടാരങ്ങളായി തകർന്നടിയുന്നു. വിട്ടുമാറാത്ത രോഗങ്ങൾ ബാധിച്ചു കിടപ്പിലാകുന്നതും, വളർത്തു മൃഗങ്ങൾ ചത്തൊടുങ്ങുന്നതും, കൃഷി വരണ്ടുണങ്ങുന്നതും നാം നിത്യേന കണ്ടുവരുന്ന പരമാർത്ഥം. അൽ ഐനു യഖ്ബുറു (കണ്ണ് ഖബറടക്കും) എന്നത് പ്രവാചകാധ്യാപനം. ആയത് കൊണ്ടു തന്നെ കണ്ണേറിന്റെ ശർറിൽ നിന്നും സംരക്ഷണം തേടേണ്ടതും അതു ബാധിച്ചാൽ പ്രതിവിധി ചെയ്യേണ്ടതും ഏറ്റവും അത്യാവശ്യമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ?

***എങ്ങിനെ പ്രതിരോധിക്കാം:-*** കണ്ണേറിനെ പ്രതിരോധിക്കാൻ മുൻഗാമികൾ നിരവധി മാർഗ്ഗങ്ങൾ സ്വീകരിച്ചിരുന്നു. ഏറ്റവും മുഖ്യമായത് നിസ്കാരശേഷം പ്രാർത്ഥനകളിൽ **“അല്ലാഹുമ്മ ഇന്നീ അഊദുബിക മിന സ്സിഹ്രി വൽ അയ്നി വശ്ശമാത്തതുൽ അഅ്ദാഇ ”** എന്ന ദുആ ഉൾപ്പെടുത്തുക. സുബ്ഹി നിസ്കാര ശേഷം ഇരുപത്തേഴ് പ്രാവശ്യം **“അലം തറകൈഫ”** സൂറത്ത് ഓതുക. മുതലായവ ചെയ്ത് റബ്ബിനോട്

കാവൽ തേടുകയാണ്. അതിനു പുറമെ കണ്ണേറുകാരനായ ആൾ ഉറങ്ങുന്ന സമയത്ത് അയാളെ മയ്യിത്തായി സങ്കൽപ്പിച്ച് നിസ്ക്കരിക്കുന്ന രിതിയും ചിലർ ചെയ്തിരുന്നതായി പറയപ്പെടുന്നു. **"കാടിക്കഞ്ഞിയായാലും മൂടിക്കുടിക്കുക"** എന്ന പഴഞ്ചൊല്ലു പോലെ റബ്ബിന്റെ വരദാനമായിക്കിട്ടുന്ന അനുഗ്രഹങ്ങൾ മറ്റുള്ളവരെ അത്ഭുതപ്പെടുത്തും വിധം പ്രദർശിപ്പിക്കാതിരിക്കയാണ് കണ്ണേറ് ബാധിക്കാതിരിക്കാനുള്ള ഏറ്റവും പ്രധാനപ്പെട്ട മുൻകരുതൽ. കെട്ടിടങ്ങൾ, വാഹനങ്ങൾ മുതലായവകളിൽ ആളുകളുടെ ശ്രദ്ധ തിരിച്ചുവിടാവുന്ന വിധം ചിത്രങ്ങൾ, കോലങ്ങൾ മുതലായ നിർമ്മിച്ചുവെക്കുന്നതും കണ്ണേറിനെ പ്രതിരോധിക്കാനുള്ള മാർഗ്ഗമായി പരക്കെ അവലംബിക്കപ്പെട്ടു വരുന്നു. ബിസിനസ് സ്ഥാപങ്ങൾ യന്ത്രങ്ങളുപയോഗിക്കുന്ന കമ്പനികൾ മുതലായവയിൽ **നസ്റും മിനല്ലാഹി...** എന്ന ആയത്തെഴുതിയ ഫലകം സൂക്ഷിച്ചു പ്രദർശിപ്പിക്കുന്നതും നല്ലതാണ്. അപ്രകാരം തന്റെ പ്രവർത്തനങ്ങളെയോ സൗഭാഗ്യങ്ങളെയോ കണ്ട് അത്ഭുതം കൂറും വിധം വല്ലവരും സംസാരിച്ചാൽ **"റദ്ദല്ലാഹു ലിസാനക ഇലൈക"** എന്നും **"ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ"** എന്നും ഒരുമിച്ച് ചൊല്ലുന്നത് കണ്ണേറിനെ പ്രതിരോധിക്കാൻ ഉത്തമമാകുന്നു. ചുരുക്കത്തിൽ ശാരീരിക രോഗങ്ങളിലെന്ന പോലെ കണ്ണേറിന്റെ കാര്യത്തിലും പ്രതിവിധിയേക്കാൾ നല്ലത് പ്രതിരോധമാണെന്ന് തിരിച്ചറിയുകയാണ് ഏറ്റവും ആദ്യം വേണ്ടത്.

***കണ്ണേറ് ആർക്ക് ബാധിക്കും:-*** സമ്പത്ത്, സൗന്ദര്യം, കലാ-കായിക രംഗത്ത് മികവ് പ്രകടിപ്പിക്കുന്നവർ, പച്ചപ്പ് നിറഞ്ഞ കൃഷി വിളകൾ, കായ്കനികൾ, അഴകും ഉപകാരവും ഗാംഭീര്യവും കൂടിയ വളർത്തുമൃഗങ്ങൾ, പക്ഷികൾ, കൂടുതലായി കച്ചവടം നടക്കുന്ന ബിസിനസ് സ്ഥാപനങ്ങൾ, കൂടുതലായി പഠിക്കുന്ന കുട്ടികൾ മുതലായ മേഖലകളിലാണ് കണ്ണേറ് ബാധ കൂടുതലായി കണ്ടുവരുന്നത്. പ്രഭാഷണ മേഖലകളിൽ മികവ് പുലർത്തുന്ന മതപണ്ഡിതർ, ഖുർആൻ പാരായണക്കാർ

ബാങ്ക് വിളിക്കുന്നവർ മുതലായവർക്കു പോലും ഇത് ബാധിക്കുമെന്നറിയുമ്പോൾ അത്ര നിസ്സാരവൽക്കരിക്കാൻ പറ്റിയ ഒന്നല്ല ഇതെന്ന് നമുക്ക് ബോധ്യമാകും. പടച്ചവനെ വിശ്വാസമുള്ളതു കൊണ്ട് തങ്ങളെ ഇതു ബാധിക്കുകയില്ല എന്ന് വാദിക്കുന്നവർ ഇതുംകൂടെ ശ്രദ്ധിക്കുന്നത് നന്നായിരിക്കും.

***കണ്ണേറിന്റെ ലക്ഷണങ്ങൾ:-*** നല്ല രീതിയിൽ കച്ചവടം നടന്നിരുന്ന സ്ഥാപനത്തിൽ ഒരു സുപ്രഭാതത്തിലെന്നവണ്ണം ആളുകൾ വരുന്നത് കുറഞ്ഞില്ലാതാവുക. പ്രത്യേകം രോഗമെന്നും കാണാനില്ലാത്തവിധം ശരീരം ക്ഷീണിച്ച് രോഗിയാവുക. ആദായം കിട്ടിക്കൊണ്ടിരുന്ന കൃഷി കരിഞ്ഞുണങ്ങി നശിക്കുക. മൃഗങ്ങൾ ചത്തൊടുങ്ങുക. നന്നായി മീൻ കിട്ടിയിരുന്ന വള്ളക്കാർക്ക് പേരിനുപോലും മീൻ കിട്ടാതിരിക്കുക. നന്നായി പഠിച്ചിരുന്ന വിദ്യാർത്ഥി പഠനത്തോട് വിമുഖതയും അലസതയും പ്രകടിപ്പിക്കുക. പ്രത്യേക കാരണങ്ങളൊന്നുമില്ലാതെ സ്വരമിടറുക. വിറയലും തല കറക്കവും അനുഭവപ്പെടുക. സൗന്ദര്യമുള്ളവരിൽ അവിചാരിതമായി കലകളും പാടുകളും പ്രത്യക്ഷപ്പെട്ട് സൗന്ദര്യം നശിച്ച് വികൃതമാവുക. കാരണമില്ലാതെ തലയിൽ താരനും പേനും നിറഞ്ഞ് മുടി കൊഴിഞ്ഞ് നശിക്കുക. കച്ചവടക്കാർക്ക് തൊട്ടതെല്ലാം നഷ്ടത്തിലാവുകയോ വിറ്റുപോവാതിരിക്കുകയോ ചെയ്യുക, നിർമ്മിച്ചുണ്ടാക്കുന്ന ഭക്ഷ്യവസ്തുക്കൾ പെട്ടെന്ന് കേടായി പോവുക, തുടങ്ങി നിരവധി ലക്ഷണങ്ങൾ കണ്ണേറിന്റേതായുണ്ട്.

***കണ്ണേറിന്റെ പ്രതിവിധി:-*** നേരത്തെ പറഞ്ഞ പോലെ കണ്ണേറ് ബാധിക്കുമെന്ന സൂചനയുള്ള ഘട്ടത്തിൽ **"നസ്റും മിനല്ലാഹി വഫത്ഹും ഖരീബ്, റദ്ദല്ലാഹു ലിസാനക ഇലൈക"** തുടങ്ങിയ മന്ത്രങ്ങൾ ഉരുവിടുകയാണ് പ്രാഥമികമായി ചെയ്യേണ്ടത്. ലക്ഷണങ്ങൾ കണ്ടുതുടങ്ങിയാൽ മന്ത്രിച്ച് ഉഴിഞ്ഞെടുക്കുന്നത് ഫലപ്രദമായി കാണുന്നു. അഖ്സാം ബൈത്ത് ഇരുപത്തൊന്ന് ദിവസങ്ങളിലായി മന്ത്രിച്ച് കല്ലുപ്പ്, ജീരകമുളക് എന്നിവ വാഴയിലയിൽ ചുരുട്ടി ഉഴിഞ്ഞെടുത്ത് അടുപ്പിലിട്ട് കത്തിക്കുക.

അല്ലെങ്കിൽ അഊദുബികലിമാത്തില്ലാഹി എന്ന മന്ത്രം 288 പ്രാവശ്യം മന്ത്രിച്ചും മേൽപ്രകാരം ഉഴിഞ്ഞെടുക്കാം. വെളിച്ചെണ്ണ, തേങ്ങാപാൽ മുതലായവ മേൽപ്രകാരം മന്ത്രിച്ച് ശരീരത്തിൽ പുരട്ടിയാൽ ശാരീരികമായി ബാധിച്ച കണ്ണേറിന് ശമനമുണ്ടാകും. 7 കിണറുകളിലെ വെള്ളം ഒരുമിച്ചുകൂട്ടി മേൽ പ്രകാരം അഖ്സാം ബൈത്ത് മന്ത്രിച്ച് കണ്ണേറ് ബാധിച്ച ബിസിനസ് സ്ഥാപനം, കെട്ടിടം, വീട് മുതലായവയിൽ തളിച്ചാലും അവയെ ബാധിച്ച കണ്ണേറ് മാറിക്കിട്ടുമെന്ന് അഖ്സാമിന്റെ ഫളാഇലിൽ പറയപ്പെടുന്നു. ഏതുതരം കണ്ണേറും മാറിക്കിട്ടാനുള്ള ഏറ്റവും ഫലപ്രദമായ വഴിയാണ് സിൽസില ബാബിയ കബീർ. ചില പ്രത്യേക ഔഷധക്കൂട്ടുകളാലും, ദുഖ്നുകളാലും, ഔറാദുകളാലും തർത്തീബ് പ്രകാരം നടത്തപ്പെടുന്ന ഈ കർമ്മത്തിന്റെ അത്ഭുത ഫലങ്ങളെക്കുറിച്ച് നിസ്ഫുൽ അൻസ്വാഫ് തുടങ്ങിയ ത്വൽസമാത്ത് ഗ്രന്ഥങ്ങളിൽ സവിസ്തരം പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. മുമ്പ് പറയപ്പെട്ടപോലെ മന്ത്രങ്ങളും വിർദുകളും സ്വന്തമായി ചൊല്ലാനറിയാത്തവർക്ക് അറിവുള്ളവരെക്കൊണ്ട് ഇത് ചെയ്യിപ്പിക്കാമെന്നതിനാൽ മറ്റു മതസ്ഥർക്കും ഇത് അങ്ങേയറ്റം ഫലപ്രദമാണ്.

***സിഹ്റ് (മാരണം):-*** മായാജാലം എന്ന രസികൻ അർത്ഥത്തിൽ തുടങ്ങി ആഭിചാരം, വശീകരണം, കൂടോത്രം, മാരണം എന്നീ ഭീകരാർത്ഥങ്ങളാൽ വരെ പൊതുവെ അറിയപ്പെടുന്ന ഭീതിയുടെ പര്യായമാണ് സിഹ്റ് (മാരണം). പുരാതന ബാബിലോണിയയിൽ ഹാറൂത്ത്, മാറൂത്ത് എന്നീ രണ്ട് മലക്കുകളെ പരീക്ഷണാർത്ഥം ഭൂമിയിൽ ഇറക്കിവിടുകയും അവരിൽ നിന്നും മനുഷ്യൻ പഠിച്ചെടുത്തതാണ് സിഹ്റ് എന്നും ചില തഫ്സീറുകളിൽ കാണുന്നു. പ്രാചീന ഭാരതത്തിൽ നാലാം വേദമായി അറിയപ്പെടുന്ന അഥർവ്വവേദവും ഇതിന്റെ വിവിധ രൂപ ഭാവ ഭേദങ്ങളെക്കുറിച്ച് സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ദുർമ്മന്ത്രവാദം (ബ്ലാക് മാജിക്) എന്ന പേരിൽ വെസ്റ്റേൺ രാജ്യങ്ങളിലും ഇതിന് വൻ പ്രാധാന്യമുണ്ട്. ഏറ്റവും കാഠിന്യമേറിയ ഏഴ് വൻ ദോഷങ്ങളെ വർജ്ജിക്കാനാവശ്യപ്പെട്ട പ്രവാചകർ (സ)

അതിൽ മുഖ്യമായി എണ്ണിയിരിക്കുന്ന ഒന്നാണ് സിഹ്റ് എന്ന റിയുമ്പോൾ, "സിഹ്റ് ചെയ്തവൻ വധാർഹനാണെന്ന്" മദ്ഹ ബിന്റെ ഇമാമായ അബൂഹനീഫ (റ) പ്രസ്താവിക്കുമ്പോൾ പ്രവാചകർ (സ) തങ്ങൾക്ക് സിഹ്റ് ബാധയേറ്റ ദുരനുഭവം ഹദീസിന്റെ ഗ്രന്ഥങ്ങൾ വിശദീകരിക്കുമ്പോൾ-സിഹ്റ് എന്നൊ ന്നില്ലയെന്നോ, അത് വിശ്വാസിയെ ബാധിക്കില്ല എന്നോ, അന്ധ വിശ്വാസമാണ് സിഹ്റ് എന്നോ പറയുന്നവരേക്കാൾ വലിയ സിഹ്റ് ബാധയേറ്റവൻ മറ്റാരുണ്ട്.

***എന്താണ് സിഹ്റ്?:-*** ഒരു വ്യക്തിയുടെ ശാരീരികവും മാന സികവുമുൾപ്പെടെയുള്ള ജീവിത വ്യവഹാരങ്ങളിൽ അയാള റിയാതെ സ്വാധീനം ചെലുത്തലാണ് പൊതുവെ സിഹ്റ് കൊണ്ടുദ്ദേശിക്കുന്നത്. സാധാരണയിൽ പ്രയോഗത്തിലുള്ള "പറഞ്ഞുമയക്കൽ" തുടങ്ങി ദുർമൂർത്തികളുടെ സ്വാധീനത്താൽ രോഗിയാക്കിയോ അപകടം വരുത്തിയോ കൊല്ലുന്നതുവരെ സിഹ്റിന്റെ ഗണത്തിൽ വരുന്നു.

***സിഹ്റ് എന്തിന്?:-*** സിഹ്റ് ചെയ്യപ്പെടാനുള്ള മുഖ്യകാരണം അസൂയയാകുന്നു. തനിക്ക് കിട്ടാതെ പോയത് മറ്റൊരാളിൽ കാണുമ്പോൾ എങ്ങിനെയും അതവനിൽ നിന്നും തട്ടിപ്പറിക്കു കയോ തട്ടിത്തെറിപ്പിക്കുകയോ ചെയ്യാനുള്ള ചിന്തയിൽ നിന്നാണ് സിഹ്റിന് പ്രേരണയുണ്ടാവന്നത്. തനിക്ക് ഒരാളെ നേരിട്ടെതിർക്കാൻ കഴിയാതെ വരുമ്പോൾ ശത്രു അറിയാത്ത വിധത്തിൽ അവന്റെ കഥ തീർക്കാൻ ഇക്കാലത്ത് ചിലർ ക്വട്ടേ ഷൻ സംഘങ്ങളെ ഏൽപ്പിക്കാറുണ്ടല്ലോ. ഒരു തരത്തിൽ അതിന്റെ മറ്റൊരു മുഖമാണ് സിഹ്റ് ചെയ്യിക്കാൻ ദുർമന്ത്രവാ ദികളെ സമീപിക്കുന്നവരും ചെയ്യുന്നത്. അതേ ലക്ഷ്യം തന്നെ യാണ് സിഹ്റിലൂടെ ഇവർ സാധിക്കുന്നത്.

***സിഹ്റിന്റെ ഇനങ്ങൾ:-*** മാന്ത്രിക പണ്ഡിതർ സിഹ്റിനെ എഴുപതോളം ഗണങ്ങളായി തിരിച്ചതായി ശുമൂസുൽ അൻവാർ പോലുള്ള ഗ്രന്ഥങ്ങളിൽ കാണുന്നു. അവയിൽ സാധാരണ

ജീവിതത്തിൽ നമ്മെ ബാധിക്കാറുള്ള ചില സിഹ്റുകളെക്കുറിച്ച് നമുക്ക് മനസ്സിലാക്കാം.

***1. സിഹ്റുൽ ബയാൻ (പറഞ്ഞു മയക്കൽ):-*** ഇതിന് ദുർമൂർത്തികളുടെയോ ദുർമന്ത്രവാദികളുടെയോ സഹായമാവശ്യമില്ല. സാധാരണ മത-രാഷ്ട്രീയ പ്രഭാഷകർ തുടങ്ങി തെരുവു കച്ചവടക്കാരുടെ സംസാരത്തിൽ പോലും എന്തോ മയക്കത്തിലകപ്പെട്ട വിധം സ്വാധീനിക്കപ്പെടുന്ന അനുഭവം നമ്മിൽ പലർക്കുമുണ്ടാകാം. അതുകൊണ്ടാണല്ലോ തട്ടിപ്പാണെന്ന് ആദ്യമേ അറിഞ്ഞിട്ടും തെരുവിൽ നിന്ന് നാം ചില മരുന്നുകളും മറ്റും വാങ്ങിക്കൂട്ടുന്നത്. അതുകൊണ്ടാണല്ലോ ചില നേതാക്കളുടെ പ്രസംഗങ്ങൾ കേട്ട് വരുംവരായ്കകളെക്കുറിച്ച് ചിന്തിക്കാതെ വിധ്വംസക പ്രവർത്തനങ്ങളിലേക്ക് എടുത്തു ചാടുന്നത്. അപ്രകാരം വൻ സാമ്പത്തിക തട്ടിപ്പു നടത്തുന്ന സ്ഥാപനങ്ങളിലേക്ക് ഉള്ളതെല്ലാം വിറ്റുപെറുക്കി നിക്ഷേപിച്ച് കുത്തുപാളയെടുക്കുന്നതും മറ്റൊന്നുകൊണ്ടുമല്ല. “നിശ്ചയം പ്രഭാഷണത്തിൽ ഒരുതരം സിഹ്റുണ്ട്” എന്ന് പ്രവാചകൻ പറഞ്ഞതും ഈ സിഹ്റിനെക്കുറിച്ചുതന്നെ. സാധാരണ വേദികളിൽ നമ്മെ അത്ഭുതപ്പെടുത്തുന്ന മജീഷ്യൻമാർ, വിവാഹ-വസ്തു ബ്രോക്കർമാർ മുതലായവർ ചെയ്യുന്നതും അവരാൽ നാം വഞ്ചിക്കപ്പെടുന്നതും ഈ സിഹ്റിന്റെ പ്രലോഭനത്താൽ തന്നെയാണ്. ഇത് ബാധിക്കുന്നവർ അവരുടെ സമ്പത്തും മതവും മാനവും കളഞ്ഞു കളിക്കുന്നു. തന്റെ ഗുണകാംക്ഷികളുടെ ഉപദേശമോ തത്വോപദേശമോ അയാൾക്ക് വീരസമായി തോന്നുന്നു. ഈ സിഹ്റിനാൽ മദ്യപാനികളായവരും തീവ്രവാദികളായവരും വഞ്ചിക്കപ്പെട്ടവരുമായവർ എത്രയുണ്ട് എന്നതിലുപരി അങ്ങിനെ ആകാത്തവർ എത്രയുണ്ട് എന്ന ചോദ്യത്തിനാണ് പ്രസക്തി.

***2. സിഹ്റുസ്സൂറത്ത് (രൂപമാരണം):-*** മൂസാ നബി (അ) ന്റെ കാലത്ത് ഫിർഔന്റെ മന്ത്രവാദികൾ നടത്തിയ സിഹ്റിനെക്കുറിച്ച് വിശുദ്ധ ഖുർആനിൽ പ്രതിപാദിച്ചിട്ടുണ്ട്. അഥവാ അവർ ചില കയറുകളും ചരടുകളും മന്ത്രം ജപിച്ച് ഭൂമിയിലിട്ടപ്പോൾ

അവ ഇഴയുന്ന പാമ്പുകളും ഇഴജന്തുക്കളുമായി മറ്റുള്ളവർക്ക് തോന്നി. ഈ ഗണത്തിൽ വരുന്ന സിഹ്റാണ് സിഹ്റ് സൂറത്തുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇക്കാലത്ത് പലരും ഈ സിഹ്റ് ചെയ്യിപ്പിക്കുന്നത് വിരൂപതയാൽ ആരും ഏറ്റെടുക്കാത്ത മണ്ണും പെണ്ണും മറ്റൊരാളെക്കൊണ്ട് ഏറ്റെടുപ്പിക്കാനാണ്. അഥവാ ഒരു തരത്തിലും വിറ്റുപോകാത്ത ഭൂമി, കട, വാഹനം മുതലായവ ചില പ്രത്യേക മന്ത്രങ്ങൾ അടക്കം ചെയ്ത തകിടുകളോ, കല്ല്, എല്ല്, മരക്കഷ്ണം മുതലായവയോ ഒളിച്ചു വയ്ക്കുമ്പോൾ ആ മന്ത്രങ്ങളുടെ ഉപാസനാ മൂർത്തിയുടെ സ്വാധീനത്താൽ വാങ്ങാൻ വന്നയാൾക്ക് അത് ഏറ്റവും നല്ലതായി തോന്നുന്നു. ഉടമസ്ഥൻ ചോദിക്കുന്ന വില കൊടുത്ത് അയാളത് വാങ്ങുന്നു. വിവാഹ കമ്പോളത്തിൽ അഥവാ വധുവിനേയോ വരനേയോ കാണിക്കുന്ന സമയത്തും ഇത്തരം സിഹ്റുകൾ വ്യാപകമായി ഉപയോഗപ്പെടുത്തുന്നു. ഇത്തരം സിഹ്റ് ബാധിക്കുന്നതിനെതിരെയുള്ള പ്രതിരോധം തീർത്ത ശേഷം മാത്രം ഇവ കാണുവാൻ പോവുക എന്നതാണ് സുരക്ഷിത മാർഗ്ഗം. ഇത് ബാധിക്കുന്നവർ ഉടമസ്ഥന്റെ മുതൽ, അതല്ലെങ്കിൽ വിവാഹം നടത്തിക്കഴിയുന്നതോടെ തങ്ങൾ വഞ്ചിക്കപ്പെട്ടതായി മനസ്സിലാക്കുന്നു. തിരിച്ചറിയുന്നു. അതോടെ തന്റെ ചുമലിൽ നിന്നൊഴിവാക്കാൻ മറ്റു ദുർമന്ത്രവാദികളുടെ സഹായത്താൽ ഇതേ കർമ്മങ്ങൾ തനിക്കായി ആവർത്തിപ്പിക്കുന്നു. റിയൽ എസ്റ്റേറ്റ്കാരാണ് കൂടുതലായും ഈ സിഹ്റിന്റെ ഗുണഭോക്താക്കളും അതിലേറെ ഇരകളും. വിവാഹശേഷം വധുവിന്റെ അതല്ലെങ്കിൽ വരന്റെ - സൗന്ദര്യം അതല്ലെങ്കിൽ വൈരൂപ്യം - ചർച്ചയായി വിവാഹമോചനത്തിലെത്തുന്നതിലും ഈ സിഹ്റ് കാരണമായി പരിണമിക്കാറുണ്ട്.

**സിഹ്റുൽ മുആമലാത്ത്:-** ഒരു വ്യക്തിയെ അവന്റെ ബിസിനസ് മേഖലയിൽ, തൊഴിൽമേഖലയിൽ, സാമ്പത്തിക മേഖലകളിൽ തുടങ്ങി അവന്റെ വരുമാനത്തിലധിഷ്ഠിതമായ സർവ്വ മേഖലകളിലും ദുർമ്മൂർത്തിയുടെ സ്വാധീനത്താൽ തകർച്ചയും

നഷ്ടവും വരുത്തി വയ്ക്കുക എന്നതാണ് ഈ സിഹ്റ് കൊണ്ടു ദ്ദേശിക്കുന്നത്. ഇത് ബാധിക്കുന്നവർ തൊട്ടതും തൊടുന്നതു മെല്ലാം നഷ്ടത്തിൽ കലാശിക്കുന്നു. അവന്റെ കടയിൽ സ്ഥിര മായി വന്നിരുന്നവർ പോലും അകന്നുമാറി മറ്റു ഷോപ്പുകളി ലേക്ക് നീങ്ങുന്നു. കൃഷി വരണ്ടുണങ്ങുകയോ തകർന്നടിയു കയോ ചെയ്യുന്നു. വാഹനവുമായി പുറത്തിറങ്ങിയാൽ മതി-ആർക്കെങ്കിലും തട്ടുകയോ മുട്ടുകയോ ചെയ്ത് പണച്ചിലവിൽ കലാശിക്കുന്നു. കടങ്ങൾ പ്രത്യേകിച്ച് പലിശ പോലുള്ള പെരുകി വരുന്ന കടങ്ങളിൽ ആപതിക്കുന്നു. ഒരാൾക്കും പറഞ്ഞ സമയത്ത് കടം തിരികെ കൊടുക്കാൻ കഴിയാതെ വരു ന്നു. സ്ഥലമോ വാഹനമോ മറ്റോ വിറ്റ് കടം തീർക്കാൻ ശ്രമി ച്ചാൽ അതും മുടങ്ങുന്നു. കടം തന്ന് സഹായിക്കാമെന്ന് വല്ല വരും ഉറപ്പുതന്നാൽപ്പോലും അവർക്കും കൃത്യസമയത്ത് പണം തരാൻ കഴിയില്ല. കടക്കാർ വീട്ടിലും കടയിലും വന്ന് സ്വസ്ഥത തകർത്ത് ചിലർ മദ്യപാനിയായിത്തീരുകയോ ചിലർ നാടുവിടു കയോ ചെയ്യുന്നു. സമൂഹത്തിൽ ഉന്നത നിലവാരത്തിലിരുന്നവർ നശിച്ച് നാടുവിട്ട് പരിഹാസ്യ കഥാപാത്രമായി മാറുന്നു. ഏറ്റവും അവസാനം ഇതു മൂർച്ഛിച്ച് തക്‌ലീഫുള്ളിറാർ (മൂർച്ഛിത സിഹ്റ്) എന്ന ഘട്ടത്തിലെത്തുന്നു. അതോടെ അവന്റെ പതനം പൂർത്തി യായി എന്നു പറയാം. കാരണം കുടുംബം, ഭാര്യ, മക്കൾ തുടങ്ങി യവരെല്ലാം വെറുത്ത് കിടപ്പാടം പോലും വിറ്റു തുലച്ച് നാശത്തിന്റെ പടുകുഴിയിൽ വീണ് ശത്രുക്കൾക്കുപോലും സഹതാപം തോന്നുന്ന ഘട്ടമാണിത്. ആത്മഹത്യയിലോ അപകട മരണ ത്തിലോ ആണ് തക്‌ലിഫുള്ളിറാർ അവനെക്കൊണ്ടെത്തിക്കുന്ന ത്. തനിക്ക് സിഹ്റ് ബാധിച്ചിരിക്കുന്നുവെന്നോ അതിന് പ്രതി വിധി തേടണമെന്നോ ഇയാൾക്ക് ഒരിക്കൽപ്പോലും തോന്നുന്നില്ല എന്നതും തന്നെ ഗുണകാംക്ഷയോടെ കാണുന്നവരുടെ വെറുപ്പും അകൽച്ചയും സമ്പാദിക്കുന്നതുമാണ് ഈ സിഹ്റിനെ ഏറ്റവും അപകടകരമാക്കുന്നത്. പലപ്പോഴും ഇത്തരക്കാർ പ്രതിവിധി തേടി അറിവുള്ളവരെ സമീപിക്കുമ്പോഴേക്കും തക്‌ലീഫുള്ളിറാറിന്റെ ഘട്ടത്തിലെത്തിയിരിക്കും. അപ്പോഴേക്കും തന്റെ കാര്യങ്ങളെല്ലാം

കൈവിട്ട് "ആർക്കാനും വേണ്ടി ഓക്കാനിക്കുക എന്ന മട്ടിൽ മാന്ത്രികന്റെ മുന്നിലെത്തുന്ന ഇവരുടെ ദയനീയതയും നിസ്സ ഹായതയും ആരു കാണാൻ? ആരു ശ്രദ്ധിക്കാൻ? എന്തുകൊ ണ്ടെന്നാൽ മാന്ത്രികർക്കുപോലും വെറുപ്പുണ്ടാക്കുന്ന വിധ ത്തിൽ അധ:പതിച്ചിരിക്കും ഈ സിഹ്റ് ബാധിച്ചവർ.

***മുൻകരുതൽ:-*** ജീവിതത്തിൽ ഏതു തുറകളിൽ പ്രവർത്തി ക്കുന്നവരും എപ്പോഴും വളരെ ആശങ്കയോടെയും അതിലേറെ ഭീതിയോടെയും ജാഗ്രത പുലർത്തേണ്ട ഒന്നാണ് സിഹ്റുൽ മുആ മലാത്ത്. ഇത് എപ്പോൾ എങ്ങിനെ നമ്മെ ബാധിക്കുന്നുവെന്ന് പ്രവചിക്കുക അസാധ്യം. ആയതുകൊണ്ടുതന്നെ ഇതിന്നെതി രിൽ താഴെ പറയുന്ന മുൻകരുതൽ സ്വീകരിക്കേണ്ടത് അത്യാവ ശ്യമാണ്. ദൈവീക കാര്യങ്ങൾ-പ്രത്യേകിച്ച് നിസ്ക്കാരം, ഖുർ ആൻ പാരായണം മുതലായവയിൽ നിഷ്ഠ പാലിക്കുക. തന്റെ സമ്പത്തിലും തൊഴിലിലും അഹങ്കരിക്കാതിരിക്കുകയും അതിന്റെ പേരിൽ വല്ലവരും വെറുക്കുന്നുവെങ്കിൽ അവനെ അനുനയിപ്പിച്ച് മിത്രമാക്കി മാറ്റാനും പരമാവധി ശ്രമിക്കുക. സമ്പത്തിന്റെ സക്കാത്ത് കൃത്യമായി നൽകുകയും ഓരോ ദിവസവും ഉള്ള വരു മാനത്തിന്റെ ചെറിയ ഒരു ശതമാനമെങ്കിലും ധർമ്മം ചെയ്യുകയും ചെയ്താൽ അത് ഈ സിഹ്റിനെതിരെയുള്ള ഒരു ദൈവീക പരി ചയായി മാറുമെന്ന് തിരിച്ചറിയുക. മഹത്തുക്കളായ പ്രവാചകർ, ഔലിയാക്കൾ തുടങ്ങിയവരെ ബാധിച്ച ഈ സിഹ്റിന്റെ ബാധ യിൽ നിന്നും സർവ്വ സംരക്ഷകനോട് എപ്പോഴും സംരക്ഷണം തേടുക. വർഷത്തിലൊരിക്കലെങ്കിലും അറിവുള്ളവരെ സമീപിച്ച് തങ്ങളെ സിഹ്റ് ബാധിച്ചിട്ടില്ലെന്നുറപ്പു വരുത്തുക.

***പ്രതിവിധികൾ:-*** സിഹ്റുൽ മുആമലാത്തിന്റെ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാലുടൻ അതിന്റെ പ്രതിവിധികൾ ചെയ്യേണ്ട താണ്. മറ്റു രോഗങ്ങളിലെന്നപോലെ പ്രാരംഭ ദശയിൽ പ്രതി വിധി തേടിയാൽ ഇതിൽ നിന്നും മോചനം നേടാവുന്നതാണ്. ഖുർആൻ പാരായണം പ്രത്യേകിച്ച്-സൂറത്തുൽ അൻആം, ആയ ത്തുൽ കുർസി മുതലയായവ കഴിയുന്നത്ര എണ്ണം അധികരിപ്പി

ക്കുക. അസ്മാഉൽ ഹുസ്ന, അസ്മാഉൽ ബദ്റ് മുതലായവ മന്ത്രിപ്പിക്കുന്നതും മന്ത്രിച്ച വെള്ളം കുടിക്കുന്നതും ഈ സിഹ്റ് ബാധയുടെ ആദ്യഘട്ടത്തിലും, സൂറത്തുൽ ബഖറയിലെ **"വത്തബഊമാതത്ലൂ....."** എന്നു തുടങ്ങുന്ന ആയത്ത് ചെമ്പുപാത്രത്തിൽ ഒറ്റ അക്ഷരത്തിൽ എഴുതി ബുഖൂർ പുകച്ച ശേഷം അത് മായ്ചെടുത്ത് വെള്ളത്തിൽ കുളിക്കുന്നത് രണ്ടാം ഘട്ടത്തിലും ഫലപ്രദമാണെന്ന് ഇമാം ദൈറബി തങ്ങൾ പറഞ്ഞിരിക്കുന്നു. ഈ സിഹ്റ് ബാധയുടെ മൂന്നാം ഘട്ടത്തിൽ അഥവാ തക്ലീഫുള്ളിറാറിന്റെ ഘട്ടത്തിലേക്ക് കടക്കുന്നതിന്റെ തൊട്ടു മുമ്പുള്ള സ്റ്റേജിലെത്തിയവർക്കുപോലും ഏറ്റവും ഫലപ്രദമായത് ''സിൽസിലഖരീബ്''യാണെന്ന് നിസ്ഫുൽ അൻസ്വാഫിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ആ ഘട്ടം കഴിഞ്ഞാൽ പിന്നീട് അയാളായി അയാളുടെ പാടായി എന്ന മട്ടിൽ അയാളെ വിധിക്കു വിട്ടുകൊടുക്കുക മാത്രമേ നിർവ്വാഹമുള്ളു.

***സിഹ്റിന്റെ പ്രവർത്തനം:-*** ഒരാൾക്ക് സിഹ്റ് ബാധിക്കുന്നത് ചെയ്യുന്ന ആളുടെ മാന്ത്രിക പ്രഭാവമാണെന്നും മൂർത്തിയുടെ സ്വാധീന ശക്തിയാണെന്നും തൽസമാത്ത് പണ്ഡിതർക്കിടയിൽ അഭിപ്രായാന്തരമുണ്ടെങ്കിലും മൂർത്തിയുടെ സ്വാധീനത്തിനാണ് പ്രബലതയും ആധികാരികതയും. എന്താണീ മൂർത്തി കൊണ്ടുദ്ദേശിക്കുന്നതിനെക്കുറിച്ച് മൗലാനാ ഫസ്ലുൽഹഖ് ഖൈറാബാദി തങ്ങൾ ഇപ്രകാരം വിശദീകരിക്കുന്നു. അഥവാ ഓരോ മനുഷ്യൻ ഭൂമിയിൽ ജനിക്കുമ്പോഴും അല്ലാഹു അവനെ നന്മയിലേക്ക് ക്ഷണിക്കാനും നയിക്കാനുമായി ഒരു മലക്കിനെയും തിന്മയിലേക്ക് നയിക്കാനായി ശൈത്വാൻ ഒരു പ്രതിനിധിയെയും നിയോഗിക്കുന്നു. ശേഷം മനുഷ്യൻ വളർന്നുവരുന്തോറും അവന്റെ ജീവിതം മലക്കും ശൈത്വാനും തമ്മിലുള്ള സമരമായി മാറി മലക്കിനാൽ നയിക്കപ്പെട്ടവൻ സച്ചരിതനും ശൈത്വാനാൽ നയിക്കപ്പെട്ടവൻ ദുർമാർഗ്ഗിയുമായിത്തീരുന്നു. നിശ്ചിത കാലാവധിയെത്തി മനുഷ്യൻ മരിക്കുമ്പോൾ മലക്ക് അല്ലാഹുവിങ്കലേക്ക് തിരിച്ചു പോവുകയും റൂഹ് അസ്റാഈൽ (അ) എന്ന മലക്ക്

പിടിച്ചെടുത്ത് സിജ്ജീനിലോ ഇല്ലിയ്യീനിലോ സൂക്ഷിക്കുകയും ചെയ്യുന്നു. അപ്പോൾ ശൈത്വാനിയ്യായ പ്രതിനിധി ഇവിടെ ബാക്കിയാവുന്നു. സച്ചരിതനായി മരണപ്പെട്ട മനുഷ്യനെ വഴി തെറ്റിക്കാൻ ശ്രമിച്ച ചെകുത്താൻ തന്റെ ദൗത്യത്തിൽ പരാജയ പ്പെട്ടതിനാൽ വേനൽക്കാലത്തെ അട്ടയെപ്പോലെ ചുരുണ്ടുപോ കുന്നു. അതേ സമയം ദുർമ്മാർഗ്ഗിയുടെയും ദുർമ്മരണം പ്രാപി ച്ചവരുടെയും ശൈത്വാനിയ്യായ പ്രതിനിധി തന്റെ ദൗത്യത്തിൽ വിജയിക്കയാൽ മറ്റു ശൈത്വാൻമാർക്കിടയിൽ ആദരണീയനായി ഞെളിയുന്നു. ഈ ശൈത്വാനെ ചില പ്രത്യേക മന്ത്രങ്ങളാലും നേർച്ച വഴിപാടു കാണിക്കകളാലും ചിലർ ദൈവീക പരിവേഷ ത്തോടെ ഉപാസനാ മൂർത്തിയായി കുടിയിരുത്തുന്നു. അങ്ങിനെ കുടിയിരുത്തപ്പെടുന്ന മൂർത്തി തന്റെ ഭക്തന്റെ ഇഷ്ടാനിഷ്ട ങ്ങൾക്കൊത്ത് അയാളുടെ ആഗ്രഹങ്ങൾ സാധിപ്പിച്ചുകൊടുക്കു ന്നു. സിഹ്റ് ചെയ്യാനുദ്ദേശിക്കുന്നവർ ഇത്തരം മൂർത്തികളെ ഉപ വസിക്കുന്നവരെയാണ് സമീപിക്കുന്നത്. അവരുടെ ആവശ്യങ്ങൾ കേട്ടറിഞ്ഞ് ഫീസും വാങ്ങി ദുർമ്മാന്ത്രികൻ തന്റെ ഉപാസന മൂർത്തിയെ സിഹ്റ് ബാധിക്കേണ്ട വ്യക്തിയിലേക്ക് പറഞ്ഞുവി ടുന്നു. ആ മൂർത്തി-ബാധിക്കുന്ന വ്യക്തിയിൽ അയാൾക്ക് നന്മ വരേണ്ട ഏതു കാര്യത്തിലും പ്രതികൂല സ്വാധീനമുണ്ടാക്കുക വഴിയാണ് അയാൾക്ക് സിഹ്റ് ബാധിക്കുന്നതും സർവ്വവിധ തകർച്ചകൾ നേരിടുകയും ചെയ്യുന്നത്. ഒരു ശൈത്വാന് മനുഷ്യ നിൽ രക്തസഞ്ചാരമുള്ളിടത്തെല്ലാം സഞ്ചരിക്കാൻ കഴിയുമെന്ന ഹദീസും രോഗിയായി പുഴുവരിക്കപ്പെട്ട പ്രവാചകൻ അയ്യൂബ് നബി (അ) ന്റെ പ്രാർത്ഥനയിലെ ളുർറു എന്ന വാക്കിന് ശൈത്വാൻ എന്ന് തഫ്സീറിൽ വന്നതും ഇതിനു തെളിവായി അദ്ദേഹം സമർത്ഥിച്ചിട്ടുണ്ട്.

## *സിഹ്റുൽ ബുയൂത്ത് (ഗ്രഹമാരണം) :-*

പ്രധാനമായും വീട്, കൃഷി നാൽക്കാലി മൃഗങ്ങൾ മുതലായ വയെ ബാധിക്കുന്ന സിഹ്റാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. സന്നിവേശിക്കപ്പെടുന്ന മൂർത്തി വീട്ടിൽ തന്റെ താവളമൊരുക്കു ന്നതോടെ ഇതിന്റെ ലക്ഷണങ്ങൾ കണ്ടു തുടങ്ങുകയായി. നാൽക്കാലികൾ, വളർത്തുപക്ഷികൾ മുതലായവ

അവിചാരിത കാരണങ്ങളാൽ ചത്തൊടുങ്ങുന്നു. വീട്ടിൽ ഒരാൾക്കല്ലെങ്കിൽ മറ്റൊരാൾക്ക് വിട്ടുമാറാത്ത രോഗങ്ങൾ- പ്രത്യേകിച്ച് അടിവയർ വേദന, ചെന്നിക്കുത്ത് മുതലായവയിൽ തുടങ്ങി ഒരു പക്ഷേ, ക്യാൻസർ വരെ - വീടുകളിൽ കുടുംബ നാഥനും ബാക്കിയുള്ളവരും തമ്മിൽ നിരന്തര കലഹങ്ങൾ, സ്വരച്ചേർച്ചയില്ലായ്മ, തമ്മിലടിച്ചു പിരിയൽ തുടങ്ങി ഏറ്റവും ഒടുവിൽ വീട് തീ പിടിച്ചു നശിക്കുകയോ ആളുകൾ ഒഴിഞ്ഞു തീരലോ ആണ് ഈ സിഹ്റ് ബാധയുടെ പര്യവസാനം. അഥർവ്വവേദത്തിൽ പരാമർശിക്കപ്പെട്ട "വെണ്ണീരുവാരി" എന്ന മൂർത്തിയുടെ ഉപാസകരാണ് ഇതിന്റെ പിന്നിലെങ്കിൽ ആ വീട് കത്തിച്ച് വെണ്ണീറും വാരിയിട്ടേ മൂർത്തി തിരിച്ചു പോവുകയുള്ളു എന്നാണ് സുപ്രസിദ്ധ മാന്ത്രിക പണ്ഡിതർ പറവൂർ ശ്രീധര പ്പണിക്കർ പറയുന്നത്.

***പ്രതിരോധം:-*** വീട് നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും അറിവുള്ള വാസ്തു വിദഗ്ദരാൽ പരിശോധിക്കപ്പെടേണ്ടതും ആവശ്യത്തിന് ജനാലകൾ, സൂത്രങ്ങൾ, വെന്റിലേറ്ററുകൾ മുത ലായവ ഉണ്ടെന്നുറപ്പു വരുത്തേണ്ടതുമാണ്. വീട്ടിൽ ഖുർആൻ പാരായണം അധികരിപ്പിക്കുക, മൗലൂദുകൾ, പ്രത്യേകിച്ച് ബദർമൗലൂദ് മാസത്തിലൊരിക്കലെങ്കിലും ചൊല്ലുക. ഹിഫാള ത്തിനുള്ള ഫലകങ്ങൾ, മൻസിൽ തുടങ്ങിയ രക്ഷാ കവചങ്ങൾ വീട്ടിൽ സൂക്ഷിക്കുന്നതും ഇതിനെതിരെയുള്ള മുൻകരുതലാണ്.

***പ്രതിവിധി:-*** ഈ സിഹ്റ് ബാധിച്ച വീടിനു ചുറ്റും ബുഖൂർ പുകയ്ക്കുക. ആയതുൽ കുർസിയ്യിനാൽ വീടിനു ചുറ്റും രക്ഷാ കവചമൊരുക്കുക. സൂറത്തുൽ ബഖറയിലെ "വത്ത ബഊമാതത്‌ലു" മുതൽ തുടങ്ങുന്ന ആയത്ത് 144 പ്രവശ്യം പനി നീരിൽ മന്ത്രിച്ചതോ ഒറ്റ അക്ഷരത്തിൽ ചെമ്പുപാത്രത്തിൽ എഴുതി മായ്ച്ചെടുത്ത പനിനീരോ വീടിനകത്തും പുറത്തും തളി ക്കുക. മുതലായവ പ്രാരംഭഘട്ടത്തിലും "സിൽസില മാവറദി യ്യ", ജദ്‌വൽ മുഅല്ലം മുതലായവ മറ്റു ഘട്ടങ്ങളിലും ഏറ്റവും ഫലപ്രദമാണെന്ന് നിസ്ഫുൽ അൻസ്വാഫ്, ശംസുൽ മ ആരിഫ്,

"മുജർ റബാത്തു ദൈറബി" തുടങ്ങിയ ഗ്രന്ഥങ്ങളിൽ വിവരിച്ചിരിക്കുന്നു.

***സിഹ്റുന്നുഫൂസ് (ശരീരത്തെ ബാധിക്കുന്ന സിഹ്റ്):-*** ശത്രുസ്ഥാനത്തുള്ള വ്യക്തിയുടെ ശരീരത്തിലേക്ക് മൂർത്തിയെ സന്നിവേശിപ്പിച്ച് അയാളെ പുറത്തറിയിക്കാൻ കഴിയാത്തതും വൈദ്യൻമാർക്ക് കണ്ടെത്താനാവാത്തതുമായ രോഗത്തിന്നടിമപ്പെടുത്തുകയാണ് ഈ സിഹ്റ് കൊണ്ടുദ്ദേശിക്കുന്നത്. സാധാരണ രീതിയിൽ റിയൽ എസ്റ്റേറ്റ് ബിസിനസ്സ് നടത്തുന്നവർ, കോൺട്രാക്ടർമാർ മുതലായവരാണ് ഈ സിഹ്റിന് കൂടുതലായി ഇരയാവുന്നത്. ഈ സിഹ്റിന്റെ ആദ്യ ലക്ഷണങ്ങൾ കണ്ടുതുടങ്ങുന്നതുമുതൽ തനിക്കെന്തോ സംഭവിക്കാൻ പോകുന്നുവെന്ന ആധി പടരുന്നു. ക്രമേണ അയാൾ കടുത്ത മാനസിക സമ്മർദ്ദങ്ങൾക്കടിമപ്പെട്ട് തന്റെ ബിസിനസ്സും പ്രൊഫഷനും ശ്രദ്ധിക്കാൻ കഴിയാതെ വരുന്നു. ക്രമേണ ശരീരത്തെ ബാധിക്കുന്ന രോഗാവസ്ഥ മനസ്സിനെയും കീഴ്പ്പെടുത്തുന്നു. അതോടെ, താനിനി അധിക കാലം ജീവിക്കില്ല, തനിക്കെഴുന്നേൽക്കാൻ കഴിയില്ല, താനെന്തിന് പണിയെടുക്കണം എന്നിത്യാദി ചിന്തകളാലുള്ള നിരാശാ ബോധവും, വിഷാദരോഗവും അയാളെ പിടികൂടുന്നു. മിക്കവാറും ഈ ഘട്ടത്തിലാവും തനിക്ക് സിഹ്റ് ബാധിച്ചുവോ എന്ന് അയാൾ സംശയിച്ചു തുടങ്ങുന്നതും. സിഹ്റുൽ മുആമലാത്തിന്നെതിരെയുള്ള പ്രതിരോധം തന്നെയാണ് ഇതിനും പ്രതിരോധമായി കിതാബുകളിൽ വിവരിക്കപ്പെട്ടിരിക്കുന്നത്.

***പ്രതിവിധി:-*** "റബ്ബി അന്നീ മസ്സനിയള്ളുർറു വ അൻത അർഹമുറാഹിമീൻ" എന്ന അയ്യൂബ് നബിയുടെ പ്രാർത്ഥന സുബ്ഹിക്കു ശേഷവും മഗ്രിബ് ഇശാക്കിടയിലും കഴിയുന്നത്ര വർദ്ദിപ്പിക്കുക. ഖസീദത്തുൽ ബുർദ്ദാ മന്ത്രിച്ച് വെള്ളം കുടിക്കുകയോ വെള്ള പ്ലെയിറ്റിൽ ഒറ്റ അക്ഷരങ്ങളിലായി എഴുതി കഞ്ഞിവെള്ളത്തിൽ മായ്ച്ചു കുടിക്കുകയോ ചെയ്യുന്നതും ഫലവത്താണെന്ന് ഇമാം ബൂനി തങ്ങൾ പ്രസ്താവിച്ചിട്ടുണ്ട്. ഈ സിഹ്റ് ബാധിച്ചവനെ ബുർദ്ദ ബൈത്ത് മന്ത്രിച്ചൂതി ഉഴിഞ്ഞെടുക്കു

ന്നതും നല്ലതാണെന്ന് "ഉപകാരസാര"ത്തിൽ വരുന്നു. ഈ സിഹ്റ് ബാധിക്കാതിരിക്കാൻ ഹൈക്കലുസ്സിഹാം പോലുള്ള ഹൈക്കലുകളും ഫലപ്രദമാണ്. ഇതിന്റെ മൂർദ്ദന്യാവസ്ഥയിൽ സിൽസില അതാരീദുന്നുഫൂസ്, ജദ്‌വൽ മുഅല്ലം തടങ്ങിയ സിൽസിലകൾ ഏറ്റവും ഫലവത്താണെന്ന് ശൈഖുൽ ഇസ്ലാം മാവറദി തങ്ങളുടെ "അന്നജ്മുസ്സാഖിബ്" എന്ന ഗ്രന്ഥത്തിലും മൗലാനാ ഫസ്‌ലുൽ ഹഖ് ഖൈറാബാദി തങ്ങളുടെ "ഉബ്തു മനാബി തുത്ത്വിബ്ബി" എന്ന ഗ്രന്ഥത്തിലും വിവരിച്ചിരിച്ചിട്ടുണ്ട്. ശരീരം കുഴയുക, തലയ്ക്ക് ഭാരമേറുക, ഓർമ്മ ശക്തിയും സംസാരശേഷിയും കുറയുക, ശരീരമാസകലം കുത്തിത്തറക്കുന്ന പോലുള്ള വേദന തുടങ്ങിയ ലക്ഷണങ്ങൾ കാണിക്കുന്ന ഇതിന്റെ രണ്ടാം സ്റ്റേജിലെങ്കിലും പ്രതികർമ്മങ്ങൾ ചെയ്താൽ മാത്രമേ ഇതിനു പ്രതിവിധി സാധ്യമാകൂ.

***സിഹ്റുൽ ഫളീഹ (അപമാനത്തിന്റെ സിഹ്റ്) :-*** സമൂഹത്തിൽ ഉന്നത സ്ഥാനത്തുള്ള ബിസിനസ്സുകാർ, നേതാക്കൻമാർ, മറ്റു പ്രമുഖർ മുതലായവരെ തകർത്ത് അപമാനത്തിലാക്കുക എന്ന ലക്ഷ്യത്തോടെ ദുർമൂർത്തികളുടെ സഹായത്തോടെ ചെയ്യുന്നതാണ് ഈ സിഹ്റ്. സാധാരണ മഞ്ഞ പത്രങ്ങളിൽ പ്രമുഖ വ്യക്തികളെ കുറിച്ച് അപവാദ കഥകൾ ഉണ്ടാക്കി നിറം പിടിപ്പിച്ച വാർത്തകൾ മെനഞ്ഞുണ്ടാക്കി താറടിക്കാറുള്ളത് നാം കാണാറുണ്ടല്ലോ? അതേ ലക്ഷ്യത്തിന് വേണ്ടിയുള്ള മറ്റൊരു മാർഗ്ഗമാണ് ഈ സിഹ്റ്. ഇത് ബാധിക്കുന്നവന്റെ ദുരവസ്ഥ അങ്ങേയറ്റം പരിതാപകരമാകുന്നു. അവിചാരിതമായി സാമ്പത്തിക ക്രമക്കേടുകളോ, ചെക്ക് കേസുകളോ, തിരിമറി ഇടപാടുകളോ മുതൽ അവിഹിത ബന്ധങ്ങൾ, പ്രകൃതി വിരുദ്ധങ്ങൾ മുതലായവ വരെ ഇത് ബാധിച്ചവരുടെ മേൽ ആരോപിക്കപ്പെട്ടെന്ന് വരാം. തങ്ങളുടെ ഉറ്റ ബന്ധുക്കൾ പോലും ഈ ഘട്ടത്തിൽ ഇവർക്ക് പറയാനുള്ളത് കേൾക്കാതെ സമൂഹ മദ്ധ്യത്തിൽ ഇവരെ തള്ളിപ്പറയുന്നു. സമൂഹത്തിൽ ഉന്നത ശ്രേണിയിൽ വിരാചിച്ചിരുന്നവർ അപമാന ഭാരത്താൽ പുറത്തിറങ്ങാൻ കഴി

യാത്ത അവസ്ഥയിൽ എത്തിച്ചേരുന്നു. ബിസിനസ്സ്-രാഷ്ട്രീയ കുടുംബ മേഖലകളിലെല്ലാം അവർ പുറം തള്ളപ്പെടുന്നു. അവർ വഹിച്ചിരുന്ന സ്ഥാനങ്ങൾ നഷ്ടപ്പെട്ടു പോകുന്നു. അതിനു പുറമെ നിയമത്തിന്റെ വേട്ടയാടലുകളും ഇത്തരക്കാർ അഭിമുഖീകരിക്കാറുണ്ട്. "ഗ്രഹണസമയത്ത് ഞാഞ്ഞൂൽ" പോലെ തങ്ങൾ അവഗണിച്ചു തള്ളിയ ശത്രുക്കൾ പോലും ഈ ഘട്ടത്തിൽ പ്രബലരായിരിക്കും. തങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നത്തിന്റെ വസ്തുത ഉറ്റവരെയോ, വേണ്ടപ്പെട്ടവരെയോ ബോധ്യപ്പെടുത്താൻ ശ്രമിച്ചാൽ അവർ പോലും ഇവരെ തെറ്റിദ്ധരിക്കുവാനോ ബ്ലാക്‌മെയിൽ ചെയ്യാനോ മുതിരുന്നു എന്നതും ഈ സിഹ്റിന്റെ പ്രത്യേകതയാണ്. വളരെ നിസ്സാരമെന്ന് തോന്നുന്ന ഏതെങ്കിലും പ്രശ്നങ്ങളെകൊണ്ടാവും ഈ സിഹ്റ് ബാധിച്ചവൻ അതിന്റെ ലക്ഷണങ്ങൾ പ്രകടിപ്പിച്ചു തുടങ്ങുന്നത്. മറ്റുള്ള സിഹ്റുകൾ പോലെ ഇത് മൂർദ്ധന്യാവസ്ഥയിൽ എത്താൻ കാലതാമസം വരുന്നില്ല എന്നതും കുറഞ്ഞ ദിവസങ്ങൾ കൊണ്ട് തന്നെ ഇതിന്റെ മൂർദ്ധന്യാവസ്ഥ പ്രാപിച്ച് പ്രതിവിധികൾ തന്നെ അസാധ്യമാക്കുന്നു എന്നതും ഇതിന്റെ ഭീകരത വെളിവാക്കുന്നു.

***മുൻകരുതലുകൾ:-*** എത്ര ഉന്നതിയിൽ എത്തുന്നുവോ പതനത്തിന്റെ ആഗാധം അതിനനുസരിച്ച് കൂടുന്നു എന്ന തിരിച്ചറിവ് ഉണ്ടാവുക എന്നതാണ് ഇതിന് ഏറ്റവും അത്യാവശ്യമായ മുൻകരുതലുകൾ. ഹഖീകത്ത്, യാഖൂത്ത് തുടങ്ങിയ മോതിരക്കല്ലുകൾ ഉപയോഗിക്കുന്നതും യൂനുസ് നബിയുടെ പ്രാർത്ഥനയായ ലാഇലാഹ ഇല്ലാ അൻത..... എന്ന പ്രാർത്ഥന നിത്യേന നാൽപ്പത് പ്രാവശ്യമെങ്കിലും ചൊല്ലുന്നതും തഹ്ഫീളിനായുള്ള ഇസ്മുകളടങ്ങിയ ഹൈക്കലുകൾ ധരിക്കുന്നതും ഈ സിഹ്റ് ബാധിക്കാതിരിക്കാൻ ഏറ്റവും ഫലവത്താണെന്ന് "അസ്റാറുൽ ഹയാത്തി"ൽ വിവരിക്കപ്പെട്ടിരിക്കുന്നു.

***പ്രതിവിധികൾ:-*** ഈ സിഹ്റ് ബാധിച്ചെന്ന് ബോധ്യമായാൽ എത്രയും പെട്ടെന്ന് പ്രതിവിധികൾ ചെയ്യേണ്ടതാണ്. സദാ വുളുഅ് ഉള്ളവനായിരിക്കാൻ ജാഗ്രത പാലിക്കുക. അസ്മാഉൽ ബദ്റ്

കഴിയുന്നത്ര വർദ്ധിപ്പിക്കുക തുടങ്ങിയവ ഇതിന്റെ ആദ്യഘട്ട ത്തിൽ ഫലപ്രദമാണെന്ന് പരോപകാരത്തിൽ കാണുന്നു. ഇതിന്റെ മൂർദ്ധന്യാവസ്ഥയിൽ ഫലഖുന്നുജൂമിൽ വിവരിക്ക പ്പെട്ട സിൽസിലാ മൻഹജുന്നുഫുസ്, ബുദ്ധൂഹ്അഹ്മർ തുട ങ്ങിയ കർമ്മങ്ങളാൽ മാത്രമേ രക്ഷപ്പെടാൻ കഴിയൂ.

***സിഹ്റ് തക്ലീഫുളിറാറ് (മൂർച്ഛിത മാരണം):-*** ചില ദുർമൂർത്തികളുടെ സന്നിവേശത്താൽ ബാധിക്കുന്ന ഒരുതരം സിഹ്റാണിത്. ഇത് മറ്റൊരാളെ തകർക്കാൻ വേണ്ടിയോ, ദുരുദ്ദേ ശത്തോടെയോ ആരും ചെയ്യുന്നതോ ചെയ്യിക്കുന്നതോ അല്ല. ഉപാ സനാ മൂർത്തികളാകാൻ അവസരം കിട്ടാതെ അലഞ്ഞു തിരിയു ന്നവയാണ് ഈ സിഹ്റിൽ സന്നിവേശിക്കുന്ന മൂർത്തികൾ എന്നത് കൊണ്ട് ആർക്കും എപ്പോഴും ബാധിക്കാവുന്ന രൂപത്തിൽ ഉള്ളതാണ് ഈ സിഹ്റ്. സംശയരോഗമാണ് ഈ സിഹ്റിന്റെ പ്രാരംഭ ലക്ഷണം. പിന്നീട് എല്ലാത്തിനോടും ഒരുതരം പുച്ഛവും വെറുപ്പും ഇത് ബാധിക്കുന്നവരിൽ ഉണ്ടായിത്തീരുന്നു. മാതാ പിതാക്കൾ, ഗുരുവര്യൻമാർ തുടങ്ങി തലേന്ന് വരെ താൻ ബഹു മാനത്തോടെ കാണുകയും സമീപിക്കുകയും ചെയ്തിരുന്ന വരെയെല്ലാം പുച്ഛത്തോടെയും നിസ്സാര ഭാവത്തോടെയും കണ്ട് തുടങ്ങുന്നു. “ഏത് കാര്യങ്ങളെക്കുറിച്ചും തനിക്കറിയാമെന്ന” മട്ടിൽ പുച്ഛത്തോടെ സംസാരിക്കുന്ന ഇവർ അശ്ലീലമായ പരിപാ ടികൾ ആസ്വദിക്കാനോ പ്രസിദ്ധീകരണങ്ങൾ വായിക്കാനോ അവ യെക്കുറിച്ച് അഭിപ്രായങ്ങൾ പറഞ്ഞുകൊണ്ടിരിക്കാനോ കൂടുതൽ സമയം കണ്ടെത്തുന്നു. ഒരു തരത്തിലും തന്നെ ബാധിക്കാത്ത കാര്യത്തിൽ പോലും കൂടുതലായി ഇടപെട്ടു തുടങ്ങുകയും അതി നായി തന്റെ സമയവും ഊർജ്ജവും മുഴുവൻ ചിലവഴിക്കുകയും ചെയ്യുന്നതാണ് ഈ സിഹ്റിന്റെ രണ്ടാം ഘട്ടം. സാധാരണ ഗതി യിൽ ഇരുപതിനും അമ്പതിനും ഇടയിൽ പ്രായമുള്ളവർ കൂടുത ലായി ഇരയാവുന്ന ഈ സിഹ്റിന്റെ മൂന്നാം ഘട്ടം നശീകരണ വാസനയാണ്. തന്നെ തിരുത്താൻ ശ്രമിക്കുന്നവർ ആരായാലും കയ്യിൽ കിട്ടുന്നതും മുന്നിൽ കാണുന്നതുമായ സർവ്വതും

നശിപ്പിക്കാനാണ് ഈ ഘട്ടത്തിൽ വ്യഗ്രത കാണിക്കുന്നത്. അതോടെ ഇത് മൂന്നാം ഘട്ടത്തിലെത്തി എന്ന് മനസ്സിലാക്കാം. ആയുർവേദ വിധിപ്രകാരം ചങ്ങലയ്ക്കിടാനോ, നെല്ലിക്കാത്തടം വയ്ക്കാനോ നിർദ്ദേശിക്കപ്പെടുന്ന ഈ ഘട്ടത്തിൽ ഒരു മുഴുഭ്രാന്തനെപ്പോലെ ഇക്കൂട്ടർ പെരുമാറിത്തുടങ്ങുന്നതിനാൽ പ്രതിവിധി ചെയ്യുന്നതുപോലും ദുസ്സഹമായിരിക്കും.

***മുൻകരുതൽ:-*** ഈ സിഹ്റ് ബാധിക്കാതിരിക്കാൻ ഏതു കാര്യത്തിനിറങ്ങുമ്പോഴും അഊദും ബിസ്മിയും ചൊല്ലുക എന്നതാണ്. സദാ എന്തെങ്കിലും ജോലി ചെയ്യുന്നവരെ ഇതു ബാധിക്കുന്നത് വിരളമാണ്. "പണിയില്ലാത്ത കരങ്ങൾക്ക് ചെകുത്താൻ വികൃതമായ പണികൾ നൽകുമെന്ന" പഴമൊഴി ഈ സിഹ്റിനെക്കുറിച്ചായിരിക്കും. നിഷ്ഠയായ ജീവിതം നയിക്കുന്നതിനേക്കാൾ നല്ല ഒരു മുൻകരുതൽ ഈ സിഹ്റിനില്ല.

***പ്രതിവിധി:-*** തുടക്കത്തിൽ അഥവാ ഈ സിഹ്റിന്റെ ആദ്യ ദശയിൽ **"അല്ലാഹുമ്മ ഇന്നീ അഊദുബിക്ക മിനൽ ഹമ്മി....."** എന്നു തുടങ്ങുന്ന ദുആ ഒറ്റ അക്ഷരത്തിൽ ഇരുപത്തിഒന്ന് കരിക്കിൻമുകളിലായി എഴുതി ഉഴിഞ്ഞെടുത്ത് വെള്ളത്തിലൊഴുക്കുന്നത് ഈ സിഹ്റിന് ഫലപ്രദമാണെന്ന് ഉപകാര സാരത്തിൽ കാണുന്നു. എന്നാൽ കടുത്ത പ്രഹരത്താലും ചങ്ങലയ്ക്കിട്ടും ശരീരത്തെ ക്ഷീണിപ്പിച്ച് മൂർത്തിയെ ഉച്ചാടനം ചെയ്യേണ്ടിവരുന്ന രണ്ടും മൂന്നും ഘട്ടങ്ങളിൽ സിൽസില നഖ്ലുൽ അർവാഹ്, മാഹിറതുൽ അർഫാൻ തുടങ്ങിയ കർമ്മങ്ങൾ ഉത്തമമാണെന്ന് ശുമൂസുൽ അൻവാർ മുതലായ ഗ്രന്ഥങ്ങളിൽ കാണുന്നു.

***സിഹ്റുൽ അദുവ്വ് (ശത്രുദോഷം):-*** ഒരു വ്യക്തിയെ പ്രത്യേക ശത്രുവായി കണ്ട് അയാളെ തകർക്കുവാനായി ചെയ്യിപ്പിക്കുന്നതാണ് സിഹ്റുൽ അദുവ്വ് എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. സാധാരണ ഗതിയിൽ ഇത്തരം സിഹ്റുകൾക്ക് ഉദ്ദേശിക്കുന്ന ശത്രുവിന്റെ പേരും മറ്റും നിശ്ചിത മന്ത്രത്തോടൊപ്പം ചെമ്പുതകിടിലോ മറ്റോ അടക്കം ചെയ്ത് ബാധിക്കേണ്ട ആൾ

പെരുമാറുന്ന സ്ഥലം, അയാളുടെ വീട്, അയാളുടെ ഓഫീസ്, വാഹനം, കുടിക്കാൻ വെള്ളമെടുക്കുന്ന കിണർ, നടക്കുന്ന വഴി ഇവയിൽ എവിടെയെങ്കിലും പ്രതിഷ്ടിക്കുകയാണ് ചെയ്യുന്നത്. അതോടെ ബാധിക്കപ്പെട്ട ആൾക്ക് അസ്വസ്ഥകളും ഉദ്ദേശിക്കുന്ന കാര്യങ്ങളിലെല്ലാം തടസ്സങ്ങളും നേരിടുന്നു. അവിചാരിതമായ രോഗങ്ങളും ഉണ്ടാകാം. കാര്യങ്ങളിൽ സ്തംഭനം, കടക്കാരെക്കൊണ്ടുള്ള ശല്യങ്ങൾ, ചെറിയ രൂപത്തിലുള്ള അപകടങ്ങൾ, അസ്വസ്ഥതയുണ്ടാക്കുന്നതും പുറത്തുപറയാനാകാത്തതുമായ പല്ലുവേദന, മൂലക്കുരു, തുടങ്ങി ലൈംഗിക രോഗങ്ങൾ വരെ ഈ സിഹ്റ് കാരണം ബാധിക്കാനിടയുണ്ടെന്ന് **"ഉബ്ത്വു മനാബിത്വി ത്വിബ്ബി"** പോലെയുള്ള ഗ്രന്ഥങ്ങളിൽ കാണുന്നു. നിത്യജീവിതത്തിൽ ഏറ്റവും കൂടുതലായി ബാധിക്കുന്ന ഈ സിഹ്റിന് മറ്റു സിഹ്റുകൾക്കായി പറയപ്പെട്ട മുൻകരുതൽ തന്നെയാണ് അവലംബിക്കേണ്ടതും.

***പ്രതിവിധി:-*** ഖുർആൻ പാരായണം പരമാവധി വർദ്ധിപ്പിക്കുന്നതും യാസീൻ, തബാറക്ക മുതലായ സൂറത്തുകൾ തുടർച്ചയായി ഓതിക്കൊണ്ടിരിക്കുന്നതും ശത്രുദോഷത്തിന് പരിഹാരമാണ്. അപ്രകാരം ഫൗസുൽ കബീർ, യാഖൂത്തുൽ അഅ്ളം തുടങ്ങിയ ഹൈക്കലുകളും മോതിരക്കല്ലുകളും ശരീരത്തിൽ സൂക്ഷിക്കുന്നത് ഈ സിഹ്റിന് ഫലപ്രദമാണെന്ന് ഹൈക്കലാത്തുൽ മുഫീദ എന്ന ഗ്രന്ഥത്തിലും **സിൽസിലാ കിഫായത്തു തക്ലീഫ്** എന്ന കർമ്മം ഈ സിഹ്റിന്റെ ഏത് ഘട്ടത്തിലും ഫലപ്രദമാണെന്ന് മുജ്തമിഉൽ ഉമ്മാറിലും പറയപ്പെട്ടിരിക്കുന്നു.

## *സിഹ്റുസ്സിവാജ് (വശീകരണം):-*

സിഹ്റുറിജാല് (പുരുഷ വശ്യം) സിഹ്റുന്നിസാഉ (സ്ത്രീവശ്യം) സിഹ്റുൽ ഫിറാഖ് (വിഭിന്നവശ്യം) എന്നിങ്ങനെ മൂന്നു തരത്തിലാണ് പണ്ഡിതൻമാർ ഈ സിഹ്റിനെ വിഭജിച്ചിരിക്കുന്നത്.

### *1. സിഹ്റുരിജാല് (പുരുഷ വശ്യം):-*

ഉദ്ദേശിച്ച പുരുഷനെ പ്രത്യേക മൂർത്തിയുടെ സന്നിവേശത്താൽ വശീകരിച്ച് തന്റേതാക്കി മാറ്റുക എന്ന

ഉദ്ദേശത്തോടെ ചെയ്യപ്പെടുന്ന സിഹ്റാണിത്. ഈ സിഹ്റ് ബാധയേറ്റവൻ തന്റെ മറ്റുള്ള ബന്ധങ്ങൾ മുഴുവൻ വലിച്ചെറിഞ്ഞ് എല്ലാത്തിനേക്കാളും വലുതായി വശീകരിച്ച പെണ്ണിന്റെ പിറകെ പോകുന്നു. അയാളുടെ കാഴ്ചയിലും കേൾവിയിലും ചിന്തയിലും അവൾ നിറഞ്ഞുനിൽക്കുകയും ഭൂമിയിലെ ഏറ്റവും സുന്ദരിയും ബുദ്ധിമതിയും ഏത് നിലയിലും പൂർണ്ണതയുള്ളവളും അവളാണെന്ന് ഭ്രമിച്ച് വശത്താകുകയും ചെയ്യുന്നു.

***ലക്ഷണങ്ങൾ:-*** എപ്പോഴും അവളെ കണ്ട്കൊണ്ടിരിക്കാനും സംസാരിച്ചുകൊണ്ടിരിക്കാനുമുള്ള ചിന്താഗതിയാണ് ഈ സിഹ്റിന്റെ പ്രാരംഭ ലക്ഷണം. തുടർന്ന് ഊണിലും ഉറക്കത്തിലും അവളെക്കുറിച്ചുള്ള ചിന്തയായി. കുടുംബത്തിലോ ബന്ധത്തിലോപെട്ട ആരെങ്കിലും അവളെ പഴിച്ചാൽ അവരോട് കയർക്കുകയും കയ്യിൽകിട്ടുന്നത് എറിഞ്ഞു തകർക്കുകയും ചെയ്യുന്നു. പിന്നീട് ഈ സിഹ്റിന്റെ മൂർദ്ദന്യ ഘട്ടത്തിൽ-അവൾ തനിക്ക് നഷ്ടപ്പെട്ട് പോകുമോ എന്ന ചിന്ത മനസ്സിനെ മദിക്കുകയും അവളോട് ആരെങ്കിലും സംസാരിക്കുന്നത് പോലും ദുസ്സഹമായി തോന്നുകയും ചെയ്യുന്നു. മറ്റൊരു പെണ്ണിനെ വിവാഹം കഴിക്കുന്നതോ ചിന്തിക്കാൻ പോലുമോ അയാൾക്ക് കഴിയില്ല. വിദേശത്ത് ജോലി ചെയ്യുന്നവനാണെങ്കിൽ ഇടക്കിടെ നാട്ടിൽവന്ന് അവളെ കാണാൻ സാഹസപ്പെടുന്നു.

***പ്രതിവിധി:-*** ദുർമൂർത്തിയെ സന്നിവേശിപ്പിച്ച് ചെയ്യുന്ന ഈ സിഹ്റിന് മന്ത്രങ്ങളോ ഔറാദുകളോ തീർത്ഥയാത്രകളോ ഫലവത്താകുകയില്ല എന്നതാണ് പ്രബലമതം. ചിലർ ഇത്തരക്കാരെ കെട്ടിയിട്ട് മർദ്ദിക്കുന്നത് മൂർത്തിയെ പ്രകോപിപ്പിക്കുകയേ ഉള്ളു. ആയത് കൊണ്ട് തന്നെ ഇതിന്ന് അനുനയിപ്പിക്കലോ മറ്റ് പ്രലോഭനമോ ഭീഷണിയോ കൂടാതെ നിസ്ഫുൽ അൻസാഫിലും അന്നജ്മുസ്സാഖിബ് പോലുള്ള ഗ്രന്ഥങ്ങളിലും പരാമർശിക്കപ്പെട്ട **"സിൽസിലാ ജദീർ കാഷിഫ്", ഖൈബറുൽ ഫലഖി** തുടങ്ങിയ അതിശക്തമായ പ്രതികർമ്മങ്ങൾ തുടക്കത്തിലെ ചെയ്യുന്നതാണ് ഏറ്റവും ഫലപ്രദം.

***സിഹ്റുന്നിസാഅ് (സ്ത്രീ വശ്യം):-*** സിഹ്റുരിജാലിന്റെ നേർ വിപരീതത്തിലുള്ള വശീകരണമാണിതെങ്കിലും അതിൽ പറയപ്പെട്ട ഫലങ്ങളെല്ലാം ഈ സിഹ്റിനും സമാനമാകുന്നു. താൻ ഏറ്റവും ഇഷ്ടപ്പെടുകയും സ്നേഹിക്കുകയും ചെയ്തിരുന്ന മാതാപിതാക്കൾ, മക്കൾ, ഭർത്താവ് തുടങ്ങിയ സർവ്വ ബന്ധങ്ങളും വലിച്ചെറിഞ്ഞുകൊണ്ട് ഈ വശീകരണത്തിന് ഇരയായ സ്ത്രീകൾ വശീകരണം ചെയ്തവരിലേക്ക് "കാന്തത്തിലേക്ക് ഇരുമ്പ്" എന്നത് പോലെ ആകർഷിക്കപ്പെടുന്നു. അവന്റെ ഒരു വാക്കിനോ നോക്കിനോ വേണ്ടി അവൾ കൊതിക്കുന്നു. തന്റെ സമ്പത്തും ജീവനും മാനവുമെല്ലാം അവന് വേണ്ടി അടിയറവ് വെക്കുന്നു. അതിന് ഭാവിയെ കുറിച്ചുള്ള ആശങ്കയോ സ്വന്തബന്ധങ്ങളെ കുറിച്ചുള്ള ചിന്തയോ സാമൂഹിക നീതിയോ അവൾക്ക് മുന്നിൽ പ്രതിബന്ധമാകുന്നില്ല. സിഹ്റ് രിജാലിന്റെ അതെ പ്രതിവിധിയും പ്രതിരോധവുമാണ് ഈ സിഹ്റിനും ത്വൽസമാത്തിൽ നിർദ്ദേശിക്കപ്പെടുന്നത്. ഈ സിഹ്റിൽ വശംവദരായ വിവാഹിതകൾ ആദ്യമാദ്യം ഭർത്താവിനോട് ചെറിയ ചെറിയ നുണകൾ പറഞ്ഞ് അദ്ദേഹത്തെ തന്നിൽനിന്നകറ്റുകയും ഇതിന്റെ കാഠിന്യം കൂടുന്നതനുസരിച്ച് സഹവാസത്തിൽ വിലക്കിയും വിരസതയും പ്രകടിപ്പിക്കാറുണ്ട്. ഭർത്താവിന്റെ സമ്പത്ത് കാമുകന് അടിയറ വെക്കുന്ന സ്ത്രീകളിൽ 90 ശതമാനവും ഇത്തരം വശീകരണത്തിന് വിധേയരായവരാണ്. ഭർത്താവ് വീട്ടിൽ ഇല്ലാത്തപ്പോഴും അദ്ദേഹത്തെ ഉറക്കിക്കിടത്തിയും വശീകരണം ചെയ്ത ആളുമായി നിരന്തരം സമ്പർക്കം പുലർത്താൻ ഈ വശീകരണത്തിന് ഇരയായവർ താൽപര്യം കാണിക്കുന്നു. പല സന്തുഷ്ട കുടുംബത്തിന്റെയും ജീവിത സൗഭാഗ്യങ്ങളും സന്തോഷങ്ങളും തകർത്ത് കുടുംബത്തിന്റെ ആണിക്കല്ല് ഇളക്കുകയാണ് ഈ സിഹ്റിന്റെ പര്യവസാനമെങ്കിലും ഇതിന്റെ ഇരകളും ഇത് ചെയ്യിക്കുന്നവരും ഇക്കാലത്തും വ്യാപകമായ തോതിലുണ്ട്.

***സിഹ്റുൽ ഫിറാഖ് (ഭിന്നവശ്യം):-*** സന്തോഷത്തിലും സ്നേഹത്തിലും കഴിയുന്ന ഭാര്യാഭർത്താക്കൻമാരുടെ ഇടയിലും സ്നേഹിതൻമാർക്കിടയിലും ഭിന്നതയും കലഹവുമുണ്ടാക്കി മാനസികമായി അവരെ ഇരു ധ്രുവങ്ങളിലാക്കി പരസ്പരം ബന്ധം അവസാനിപ്പിക്കാനുള്ള ലക്ഷ്യത്തോടെ ചെയ്യുന്ന ഈ സിഹ്റാണ് ബാബിലോണിയായിൽ ഹാറൂത്ത് മാറൂത്തുമാരിൽ നിന്ന് മനുഷ്യൻ അഭ്യസിച്ചറിഞ്ഞതെന്ന കാര്യത്തിൽ ത്വൽസ മാത്ത് പണ്ഡിതർക്കിടയിൽ അഭിപ്രായ ഭിന്നതയില്ല. മൂർത്തി യുടെ സന്നിവേശത്തോടുകൂടി ഇരുവരും അപരനെ സംശയ ത്തോടെ വീക്ഷിക്കുകയായി. അപരന്റെ വാക്ക്, ചെയ്തികൾ, നോട്ടം, പെരുമാറ്റം മുതലായവയെല്ലാം സംശയത്തോടെ നിരീ ക്ഷിച്ച് തുടങ്ങുന്ന ഈ സിഹ്റ് മുർച്ഛിക്കുന്നതോടെ ഇരുവരും ഓരോ പ്രവർത്തനങ്ങളെക്കുറിച്ചും പരസ്പരം കുറ്റപ്പെടുത്താനും പഴിക്കാനും തുടങ്ങുന്നു. ഏത് ചെറിയ കുറ്റങ്ങളും ഇവർക്കിട യിൽ ഒരു വൻമതിലായി രൂപാന്തരപ്പെടുകയും പരസ്പരം കല ഹിച്ചകന്ന് അവസാനം ഇരുവരും ബന്ധം അവസാനിപ്പിക്കു ന്നു. അമ്മായിയമ്മ പോര്, നാത്തൂൻപോര്, സഹോദരങ്ങളുടെ ഭാര്യമാർ തമ്മിലുള്ള പോര് ഇവയെല്ലാമാണ് ഈ സിഹ്റിന് പ്രേരണയാകുന്നത്. സ്ത്രീധനം കുറഞ്ഞുപോയതിന്റെ പേരിൽ തന്റെ മകൻ ഭാര്യയുമായി കലഹിച്ച് ബന്ധം അവസാനിപ്പിക്ക ണമെന്ന് ശഠിക്കുന്ന ഭർതൃമാതാപിതാക്കളും തന്നെക്കാൾ കൂടു തൽ സ്ത്രീധനവുമായി കയറിവന്ന ഭർതൃ സഹോദരനും- ഭാര്യയും കലഹിക്കണമെന്ന് ശഠിക്കുന്ന മുത്തഛിമാരുമാണ് ഈ സിഹ്റിന്റെ ഗുണഭോക്താക്കളിൽ അധികവും. മതപര മായി ഏറ്റവും കഠിനമായ പാപമാണ് ഈ സിഹ്റ്. അല്ലാഹു ഏറ്റവും വെറുക്കുന്നതും ശൈത്വാൻ ഏറ്റവും സന്തോഷിക്കു ന്നതും ഈ സിഹ്റിന്റെ കാരണത്താലാണ്. യാതൊരു കാരണ വുമില്ലാതെ ഭാര്യ അല്ലെങ്കിൽ ഭർത്താവ് പരസ്പരമുള്ള സഹ വാസത്തിൽ നിന്നും അകന്ന് മാറുക, സംസാരിക്കുമ്പോൾ മറ്റെ വിടേയോ ശ്രദ്ധിച്ചിരിക്കുക, കിടപ്പറയിലും മറ്റും അകന്നു

മാറുക. തുടങ്ങിയ പ്രാരംഭലക്ഷണങ്ങൾ കണ്ടുതുടങ്ങുമ്പോൾ തന്നെ ഈ സിഹ്റിന് പ്രതിവിധി കാണേണ്ടതാണ്. പ്രാരംഭ ഘട്ടത്തിൽ അൽപം സംസം വെള്ളത്തിൽ **വത്തബഉ മാ തത്ത്ലു** എന്ന് തുടങ്ങുന്ന ആയത്ത് നൂറ്റി ഇരുപത്തി ഒന്ന് പ്രാവ ശ്യമോ വഹുവല്ലദീ അൻഷഅക്കും... എന്ന ആയത്ത് 884 പ്രാവ ശ്യമോ ഓതി മന്ത്രിച്ച് ഇരുവരും കുടിച്ചാൽ ഈ സിഹ്റിന്ന് ശിഫ കിട്ടുമെന്ന് ഇമാം ദൈറബി തങ്ങളും സിൽസില മാവറ ദിയ, സിൽസില കാശിഫുള്ളുലുമാത്ത് എന്നീ കർമ്മങ്ങളാൽ ഈ സിഹ്റിന്റെ ഏത് ഘട്ടത്തിലും മോചനം നേടാൻ ആകു മെന്ന് ശൈഖുൽ ഇസ്ലാം മാവറദി തങ്ങളും വ്യക്തമാക്കിയിരി ക്കുന്നു. ബന്ധത്തിൽ വിള്ളൽ വരാതെ ഇരുവരും സൂക്ഷിക്കുക എന്നത് മാത്രമേ ഈ സിഹ്റിന് പ്രതിവിധിയുള്ളു.

# ഗ്രന്ഥകാരന്റെ അനുഭവങ്ങൾ:-

എറണാകുളം സ്വദേശിയായ ഒരു കോളേജ് പ്രഫസർ വർഷങ്ങൾക്കു മുമ്പ് ഈയുള്ളവനെ സമീപിക്കുകയുണ്ടായി. അന്നയാൾ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലാണ് ജോലി നോക്കി യിരുന്നത്. സമാധാനമുള്ള കുടുംബ അന്തരീക്ഷവും മാന്യ മായ തൊഴിലുമുണ്ടായിരുന്ന അദ്ദേഹത്തെ സംബന്ധിച്ചിട ത്തോളം അലട്ടിയിരുന്ന പ്രശ്നം യൂണിവേഴ്സിറ്റിയിൽ കുട്ടി കളെ പഠിപ്പിക്കാനായി ലബോറട്ടറി ഉപകരണങ്ങൾ ഏതെടു ത്താലും വീണുടഞ്ഞ് നശിക്കുക എന്നതായിരുന്നു. ഇതു കാരണം കുറഞ്ഞ ദിവസം കൊണ്ട് തന്നെ അയാൾ സഹപ്ര വർത്തകർക്കിടയിലും വിദ്യാർത്ഥികൾക്കിടയിലും പരിഹാസ്യ കഥാപാത്രമായി മാറി. അയാൾക്ക് കുടുംബത്തിലോ സുഹൃ ത്തുക്കൾക്കിടയിലോ യാതൊരു ശത്രുക്കളുമുള്ളതായി അറിവി ലില്ല. പലവിധ കൗൺസിലിംഗും സൂക്ഷ്മതയും പാലിച്ചെങ്കിലും ഈ പ്രശ്നം അനസ്യൂതം തുടർന്നുകൊണ്ടേയിരുന്നു. അയാൾ ജ്യോതിഷികളുടെയും മാന്ത്രികരുടെയും സഹായം തേടിത്തുട ങ്ങി. ഫലം തഥൈവ. ഒടുവിൽ പരപ്പനങ്ങാടിയിലുള്ള ഒരു പ്രമുഖ ജ്യോത്സ്യന്റെ നിർദ്ദേശപ്രകാരമാണ് അദ്ദേഹം എന്നെ ത്തേടി വരുന്നത്. അന്ന് ഞാൻ കോഴിക്കോട് സാന്ത്വനത്തിലാ യിരുന്നു ജോലി നോക്കിയിരുന്നത്. ഫാൽക്കണക്കു പ്രകാരം

ഞാൻ അയാളുടെ ശത്രുവിനെ തിരിച്ചറിഞ്ഞു. അത് അയാളുടെ ബന്ധുവോ സുഹൃത്തോ ആയിരുന്നില്ല. മറിച്ച് അയാൾക്കു കിട്ടിയ തൊഴിൽ ആഗ്രഹിച്ചിരുന്ന മറ്റൊരു ഉദ്യോഗാർത്ഥി ചെയ്യിപ്പിച്ച സിഹ്റുൽ അദുവ്വിന്റെ തിക്തഫലം അനുഭവിച്ചു വരികയായിരുന്നു പാവം. ഏതായാലും അയാൾക്ക് ഔറാദുകൾ ചൊല്ലാനോ മന്ത്രിക്കാനോ അറിയില്ല. കഴിയുകയില്ല. സാഹചര്യവുമില്ല. "എന്താണെന്ന് വച്ചാൽ മുസ്ല്യാർ തന്നെ ചെയ്തു തരണം കാശെന്തായാലും പറഞ്ഞാൽ മതി, തരാൻ തയ്യാർ" എന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. ഞാൻ അദ്ദേഹത്തിന് പ്രതിവിധിയായി കണ്ടെത്തിയത് മൂന്ന് ഘട്ടങ്ങളിലായുള്ള സിൽസില മാവറദിയ്യ. ശേഷം ഒരു ഹൈക്കലു ഫൗസുൽ കബീറും. അതോടെ അദ്ദേഹത്തെ ബാധിച്ച ആ ദോഷം മാറി. പിന്നെ ഇതേവരെ ഉണ്ടായിട്ടില്ല. ഇടയ്ക്കിടെ അദ്ദേഹം എന്നെ ഫോണിൽ വിളിക്കാറുമുണ്ട്. സന്തോഷവാനാണ്. ഈ അനുഭക്കുറിപ്പെഴുതുമ്പോൾ ഞാൻ ചിന്തിക്കുന്നത് അദ്ദേഹം തെക്കൻ കേരളത്തിലുള്ളവനായതുകൊണ്ടാണ് ഇത്തരം ഒരു പ്രതിവിധിയിലേക്ക് അയാൾ നീങ്ങിയതും വിജയം വരിച്ചതും. അതേസമയം നമ്മുടെ മലബാറുകാരനായിരുന്നെങ്കിലോ? മോഡേൺ ഇസ്ലാമിന്റെ ജാഡയോടെ സർവ്വനാശം അനുഭവിക്കുകയല്ലാതെ മറ്റെന്തുവഴി? പണവും പ്രതാപവുമുണ്ടെങ്കിൽ എല്ലാ "ഇസക്കാരും" കൂടെയുണ്ടാകും. ദുരിതം വരുമ്പോഴോ?

## രവീന്ദ്രന്റെ മകൾ

ഒരു ത്വൽസമാത്തു വിദഗ്ധൻ എന്ന നിലയിൽ എന്റെ തൊഴിലിൽ ഏറ്റവും പ്രഷറുണ്ടാക്കിയ സംഭവമായത് കൊണ്ടാണ് ഇത് ഞാൻ അനുവാചകരുമായി പങ്കുവെക്കുന്നത്. നാല് വർഷങ്ങൾക്ക് മുമ്പ് റെയിൽവെയിൽ ലോകോ പൈലറ്റായ പയ്യന്നൂർ സ്വദേശി രവീന്ദ്രൻ എന്റെ അടുക്കൽ വരികയുണ്ടായി. അന്ന് ഞാൻ കണ്ണൂർ ഈഗിൾ ഐയിൽ ആയിരുന്നു ജോലി നോക്കിയിരുന്നത്. അയാളുടെ ഒരേയൊരു മകൾഎൻജിനീയറിംഗ് കോഴ്സ് കഴിഞ്ഞപ്പോൾ തമിഴ്നാട് സ്വദേശിയായ ഒരു മുസ്ലിം പയ്യനുമായി അതിശക്തമായ ഒരു വശീകരണത്തിൽ കുടുങ്ങി. അക്കാലത്ത്

കേരളത്തിൽ ഹിന്ദു സ്ത്രീകളെ മുസ്ലിം യുവാക്കൾ വശീകരിച്ചു വഴിയാധാരമാക്കുന്നു എന്ന മട്ടിൽ "ലൗ ജിഹാദ്" വിവാദവുമായി വർഗ്ഗീയ വാദികൾ ഉറഞ്ഞു തുള്ളുകയായിരുന്നു. അങ്ങിനെയൊന്നില്ലെന്ന് കേരള പോലീസ് മേധാവിയും മുസ്ലിം പത്രങ്ങളും എത്ര തന്നെ നിഷേധിച്ചിട്ടും അതിന്റെ പേരിൽ വിവാദം സൃഷ്ടിച്ചുകൊണ്ട് സമുദായത്തെ സംശയത്തിന്റെ നിഴലിൽ നിറുത്താനായിരുന്നു പല മീഡിയകളും ശ്രമിച്ചുകൊണ്ടിരുന്നത്. രവീന്ദ്രനും തന്റെ മകൾ ലൗജിഹാദിൽപ്പെട്ടുപോയോ എന്നോർത്ത് ആശങ്കപ്പെട്ടിരിക്കാം എന്നായിരുന്നു എന്റെ പ്രാഥമിക വിലയിരുത്തൽ. തുടർന്ന് അയാളുടെ കഥ മുഴുവൻ ഇരുന്നു കേട്ടു. തന്റെ മകൾ ഏതവനെ സ്വീകരിക്കുന്നതിനും തനിക്ക് വിരോധമില്ലെന്നും എന്നാൽ ചെന്നൈ അരുമ്പാക്കത്ത് താമസിക്കുന്ന ഈ പയ്യനെക്കുറിച്ചും അവന്റെ കുടുംബത്തെക്കുറിച്ചും തനിക്ക് നന്നായി അറിയാമെന്നും അവന്റെ കുടുംബത്തിന്റെ സാമ്പത്തിക പരാധീനതകളല്ല, മറിച്ച്, മദ്യം, മയക്കുമരുന്ന് തുടങ്ങിയ സർവ്വ വൃത്തികേടുകളും ഉള്ളവനാണ് ഈ പയ്യനെന്നും തനിക്കറിവുള്ളതുകൊണ്ടാണ് താൻ ഈ ബന്ധത്തെ എതിർക്കുന്നതെന്നും അദ്ദേഹം എന്നെ ബോധ്യപ്പെടുത്തി. ജോലി ആവശ്യാർത്ഥം ഇദ്ദേഹം കുടുംബത്തോടൊപ്പം കുറെ കാലം ചെന്നൈയിൽ താമസിച്ചിരുന്നു. അക്കാലത്ത് മകൾ പരിചയപ്പെടുന്നതാണ് ഈ പയ്യനെ. അതിന്ന് ശേഷം മാസങ്ങൾ കഴിഞ്ഞപ്പോൾ മകൾക്ക് അവനെ കാണാതിരിക്കാൻ പറ്റാത്ത അവസ്ഥ. പോൺ എടുത്ത് ഒരേ വിളി തന്നെ. ഊണിലും ഉറക്കിലുമെന്നവണ്ണം അവനെ കുറിച്ചുള്ള സംസാരം. രവീന്ദ്രനും ഭാര്യയും അവളെ കുറെ ഉപദേശിച്ചെങ്കിലും അവൾക്ക് യാതൊരുവിധ ചാഞ്ചാട്ടവുമുണ്ടായില്ല. സഹികെട്ട് അവളെയും കൂട്ടി നാട്ടിലെത്തിയ ശേഷം അവളെ മറ്റൊരു പയ്യനെ കൊണ്ട് വിവാഹം ചെയ്ത് അയച്ചു. കുറച്ച് കാലത്തേക്ക് ആ പയ്യന്റെ ശല്യമൊന്നും ഉണ്ടായില്ല. എങ്കിലും അവളുടെ ഭർതൃവീട്ടിലെ നമ്പർ എങ്ങനെയോ കണ്ട് പിടിച്ച് അവൻ വിളിക്കാനും അവളെ പ്രലോഭിപ്പിക്കാനും തുടങ്ങി. ഭർതൃവീട്ടിൽ നിന്നും തന്റെ ഭർത്താവിനെയും തള്ളിപ്പറഞ്ഞു തിരികെ തന്റെ വീട്ടിലേക്ക് പോരുന്നതിലേക്കാണത് കലാ

ശിച്ചത്. വീട്ടിലെത്തിയ ശേഷം അവൾ അവനെ ഒരേ വിളി തന്നെ. അവൻ തന്നെ വന്നു വിളിച്ചാൽ താൻ അവന്റെ കൂടെ ഇറങ്ങി പോകുമെന്ന ഭീഷണി കേട്ട് രവീന്ദ്രനും കുടുംബവും നടുങ്ങി. ഏത് സമയവും അവൻ വരും. മകൾ അവന്റെ കൂടെ ഇറങ്ങിപോകും. അതായിരുന്നു രവീന്ദ്രൻ അവതരിപ്പിച്ചതിന്റെ രത്നചുരുക്കം. ഏത് തരത്തിലും ഇവരുടെ കുടുംബത്തെ രക്ഷിക്കണമെന്ന് പറഞ്ഞ് അയാൾ എന്റെ കാൽക്കൽ വീണു. ശരി. ഞാൻ ശ്രമിക്കാം. രണ്ട് ദിവസത്തെ സാവകാശം വേണം എന്ന് പറഞ്ഞ് അയാളോട് മകളുടെയും പയ്യന്റെയും വിവരങ്ങൾ ചോദിച്ച് എഴുതി എടുത്ത ശേഷം ഞാൻ അയാളെ തിരിച്ചയച്ചു. അന്ന് രാത്രി എനിക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. ഒരുഭാഗത്ത് ഒരു മുസ്ലിം പയ്യനോടൊപ്പം മതംമാറി ഇസ്ലാമിലേക്ക് വരാൻ തയ്യാറായ ഒരു പെൺകുട്ടി. മറുഭാഗത്ത് മകളുടെയും തന്റെ കുടുംബത്തിന്റെയും ഭാവി ഓർത്ത് ആശങ്കപ്പെടുന്ന ഒരു പിതാവിന്റെ ദീനരോദനം. ഞാൻ ആരുടെ കൂടെ നിൽക്കണം. എത്ര ആലോചിച്ചിട്ടും എനിക്ക് ഒരു എത്തും പിടിയും കിട്ടിയില്ല. രാവിന്റെ ഏതോ യാമത്തിൽ ഇജാസിയത്ത് പ്രകാരം എനിക്ക് കിട്ടിയ ഔറാദ് ഒന്നുകൊണ്ടു മാത്രം എനിക്ക് ഉറങ്ങാൻ കഴിഞ്ഞു. പിറ്റേന്ന് രാവിലെ ഞാൻ ഓഫീസിലെത്തിയപ്പോൾ ഒരു മുസ്ലിം സംഘടനയുടെ പ്രാദേശിക നേതാക്കൾ എന്നെ കണ്ട് ഒരു കാരണവശാലും രവീന്ദ്രന്റെ കാര്യത്തിൽ ഇടപെടരുതെന്ന് ആദ്യം ആവശ്യപ്പെടുകയും തുടർന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. ഓഫീസിലെ ജീവനക്കാരിൽ അവരുടെ അനുഭാവികളാരെങ്കിലും അവരെ വിളിച്ചറിയിച്ചിരിക്കാം. അതോടെ ഞാൻ ഒന്നുറച്ചു. ഞാൻ രവീന്ദ്രന്റെ കൂടെ നിൽക്കണം. അവരുടെ കുടുംബത്തെ സഹായിക്കണം. ത്വൽസമാത്ത് വിദഗ്ദൻ എന്ന നിലയിൽ എന്റെ കർത്തവ്യം അത് മാത്രമാണ്. പിന്നീട് വൈകിച്ചില്ല. ഇരുവരുടെയും ഫാൽക്കണക്ക് നോക്കി പ്രശ്നത്തിന്റെ നിജസ്ഥിതി മനസ്സിലാക്കി ഉഗ്രമൂർത്തിയെ വെച്ചുള്ള "തലൈ ചാർത്ത്"എന്ന അതിശക്തമായ വശീകരണത്തിനാണ് രവീന്ദ്രന്റെ മകളെ ആ പയ്യൻ അടിമപ്പെടുത്തിയത്. രവീന്ദ്രനെ ഫോണിൽ വിളിച്ച് സിൽസിലാ ജദീർ കാശിഫിനുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കി. പതിനൊന്ന്

ദിവസത്തെ കഠിനമായ സാഹസകർമ്മം. ഒടുവിൽ ഞാനതിൽ വിജയിക്കുക തന്നെ ചെയ്തു. അതോടെ രവീന്ദ്രന്റെ മകൾ ഭർത്താവിന്റെ ഒപ്പം പോകാൻ തയ്യാറായി. ഞാനിത് എഴുതുന്നതിന്റെ അൽപം മുമ്പ് വരെ രവീന്ദ്രൻ എന്നെ വിളിച്ചിരുന്നു. അയാളുടെ മകൾ ഇപ്പോൾ ഭർത്താവൊന്നിച്ചു സന്തോഷത്തൊടെ ജീവിക്കുന്നു. അവർക്ക് ഒരു കുട്ടിയുമുണ്ട്. അന്ന് രവീന്ദ്രനുവേണ്ടി ആ സിൽസില ചെയ്യുന്നതിൽ ഞാൻ എടുത്ത തീരുമാനം ശരിയായിരുന്നുവോ എന്ന് വായനക്കാർക്ക് വിലയിരുത്താം. മറുഭാഗത്ത് ഒരു പെണ്ണിനെ അവളുടെ ഭർത്താവിൽ നിന്നും പറിച്ചെടുത്ത് ഒരു കുടുംബത്തിന്റെ പ്രതീക്ഷകൾ ഊതിക്കെടുത്തുംവിധം സിഹ്റിന്റെ മാർഗ്ഗം സ്വീകരിച്ച ആ പയ്യനെയും കാണാതിരുന്നു കൂടാ. അന്നവൻ ചെയ്യിപ്പിച്ചത് അവന്റെ മതപരമായ അറിവില്ലായ്മയാകാം. അതോ?

## *ചോദ്യോത്തരങ്ങൾ*

**ചോദ്യം:-** പരിശുദ്ധ ഇസ്ലാമിക ആചാരാനുഷ്ഠാനങ്ങളിൽ ജ്യോതിഷമോ മന്ത്രവാദമോ ഇല്ലയെന്ന് കേൾക്കുന്നു. ആയത് കൊണ്ട് തന്നെ അസ്മാ ഉ ത്വൽസമാത്ത് ചികിത്സകൾ അന്ധവിശ്വാസവും അനാചരവുമല്ലെ?

**ഉത്തരം:-** ജ്യോതിഷ പ്രവചനങ്ങളെയും അത് വിശ്വസിക്കലും നബി (സ) വിലക്കിയിട്ടുണ്ടെന്നത് പരമാർത്ഥമാണ്. എന്നാൽ ഭാവി പ്രവചനവും അത് വിശ്വസിക്കലുമാണ് ജ്യോതിഷം കൊണ്ടുദ്ദേശിക്കുന്നത്. അതേ റസൂൽ (സ) തന്നെ രോഗങ്ങൾക്കും പ്രശ്നങ്ങൾക്കും പ്രതിവിധിയായി മരുന്നുപോലെ മന്ത്രങ്ങളും നിർദ്ദേശിച്ചിട്ടുണ്ട്. ത്വിബ്ബു ന്നബ്വിയ്യി (പ്രവാചക വൈദ്യം) എന്ന ഒരു ശാസ്ത്രശാഖ തന്നെ രൂപപ്പെട്ടത് ആ നിർദ്ദേശങ്ങളിൽ നിന്നാണ്. ആ ശാസ്ത്രശാഖയെ അടിസ്ഥാനമാക്കി ശൈഖ് സൈനുദ്ധീൻ മഖ്ദൂം (റ) തങ്ങളുൾപ്പെടെയുള്ളവർ രചിച്ച ഗ്രന്ഥങ്ങളിൽ പറയുന്ന പ്രതിവിധികളാണ് അസ്മാഉ - ത്വൽസമാത്തു ചികിത്സകളിൽ നിർദ്ദേശിക്കുന്നത്. അല്ലെങ്കിലും ഇത് ഒറ്റയടിക്ക് അന്ധവിശ്വാസവും അനാചാരവുമാക്കുന്നവർ ആരാണ്. ഇമാമുകളോ? അതോ ഖുർആനിക തഫ്സീറുകളും ഇസ്ലാമിന്റെ പ്രമാണിക ഗ്രന്ഥങ്ങളും പഠിച്ച

മനസ്സിലാക്കിയവരോ അങ്ങിനെ പറഞ്ഞിട്ടില്ലെന്ന് മാത്രമല്ല, അവരിൽ ഭൂരിഭാഗവും ഈ ശാസ്ത്രശാഖയെക്കുറിച്ച് ഗ്രന്ഥങ്ങൾ രചിച്ചവരും സ്വന്തം ആവശ്യങ്ങൾക്കുപോലും ഈ ചികിത്സാ രീതി അവലംബിച്ചവരുമായിരുന്നു. യുക്തിവാദിയുടെ വീക്ഷണത്തിൽ ദൈവ-മതവിശ്വാസങ്ങൾ അന്ധവിശ്വാസമായതുപോലെ ഏതെങ്കിലും ഒരാൾ എന്തെങ്കിലും പറഞ്ഞുവെന്നോ എഴുതിയെന്നോ വച്ച് എല്ലാവരും അത് വിശ്വസിക്കണമെന്നോ വിശ്വസിച്ചുകൂടെന്നോ ശഠിക്കരുത്. അയാളുടെ സിഹ്റുൽ ബയാനിൽ ചോദ്യകർത്താവ് ഉൾപ്പെട്ടുവെന്ന് കരുതി യഥാർത്ഥ മുസ്ലിമിനെ സംബന്ധിച്ചിടത്തോളം ഖുർആൻ, ഹദീസ്, പണ്ഡിതൻമാരുടെ ഇജ്മാഅ്, ഖിയാസ് തുടങ്ങിയവയെ അവലംബിച്ചാണ് ഒരു കാര്യം അന്ധവിശ്വാസമാണോ അനാചാരമാണോ എന്ന് തീരുമാനിക്കുന്നത്. ആയതുകൊണ്ടുതന്നെ ഹദീസിലും ഇജ്മാഅ് അനുബന്ധ കാര്യങ്ങളിലും സ്ഥിരപ്പെട്ട ത്വൽസമാത്ത് ചികിത്സ ഒരിക്കലും അനിസ്ലാമികമോ അനാചരമോ ആകുന്നില്ല.

**ചോദ്യം :-** ഈമാൻ കാര്യങ്ങളിൽ ആറാമത്തേത് നന്മയും തിന്മയുമായ മുഴുവൻ കാര്യങ്ങളും അല്ലാഹുവിൽ നിന്നുണ്ടാകുന്നുവെന്നും ഏതൊരു മനുഷ്യന്റെയും ജീവിതത്തിലുണ്ടാവുന്ന ഗുണവും ദോഷവുമായ മുഴുവൻ കാര്യങ്ങളും അല്ലാഹുവിൽ നിന്നാണ് എന്നിരിക്കെ ത്വൽസമാത്ത്കാർക്ക് എങ്ങിനെ പ്രശ്നത്തിനു പ്രതിവിധിയുണ്ടാക്കാൻ കഴിയും?

**ഉത്തരം:-** മുസ്ലിമിന്റെ വിശ്വാസപ്രകാരം പ്രപഞ്ചത്തിലെ സർവ്വ ജീവജാലങ്ങളുടെയും സർവ്വകാര്യങ്ങളുടെയും നിയന്ത്രണം അല്ലാഹുവിന് തന്നെയാണ്. എന്നാൽ അല്ലാഹു പ്രപഞ്ചത്തെ ക്രമീകരിച്ചിരിക്കുന്നത് കാര്യകാരണബന്ധങ്ങളോടെയാണ്. അഥവാ പ്രപഞ്ചത്തിലെ സർവ്വജീവജാലങ്ങൾക്കും ഭക്ഷണം നൽകുന്നത് അല്ലാഹുവാണെന്ന് പഠിപ്പിച്ച മതം തന്നെയാണ് ജോലി ചെയ്ത് അന്നത്തിനുള്ള വക തേടാൻ നമ്മെ പഠിപ്പിച്ചത്. അല്ലാഹു ഭക്ഷണം തരും എന്നു കരുതി ആരും ജോലി ചെയ്യാതിരിക്കുന്നില്ല. അരി വാങ്ങാതിരിക്കുന്നില്ല. അത് വേവിച്ച് ചോറാക്കി കഴിക്കാതിരിക്കുന്നില്ല. രോഗത്തിനു ശിഫ നൽകുന്നവൻ അല്ലാഹുവാണെന്ന് വിശ്വസിക്കുന്നവരാരും ഡോക്ടറെ

കണ്ട് മരുന്നും, ഗുളികയും വാങ്ങി കഴിക്കാതിരിക്കുന്നില്ല. നിത്യ ജീവിതത്തിലെ ഇത്തരം കാര്യങ്ങളിലെല്ലാം അല്ലാഹുവിൽ വിശ്വ സിക്കുന്നതോടൊപ്പം മേൽ കാര്യങ്ങൾ ചെയ്യുകയും ചെയ്യുന്നുവെ ന്നത് ഒരു യാഥാർത്ഥ്യമായിരിക്കെ ത്വൽസമാത്തിന്റെ കാര്യത്തിൽ മാത്രം എന്താണിത്ര ആശയക്കുഴപ്പമുള്ളത്?

**ചോദ്യം:-** ഇന്റർനെറ്റിന്റെയും കമ്പ്യൂട്ടറിന്റെയും യുഗമായ ഇക്കാ ലത്ത് ശൈത്വാൻ ഉണ്ടെന്ന് ത്വൽസമാത്തുകാർ പറയുന്നത് അസംബന്ധമല്ലേ?

**ഉത്തരം:-** ശൈത്വാനെ കുറിച്ചും അവന്റെ ദുഷ്ചെയ്തികളെ കുറിച്ചും നമുക്കറിവ് നൽകിയതും ജാഗ്രത പുലർത്താൻ നിർദ്ദേശം നൽകിയതും പരിശുദ്ധ ഖുർആനും തിരു സുന്നത്തു മാണ്. അത് കൊണ്ടുതന്നെ ഖുർആനെയും തിരുസുന്നത്തി നെയും അവിശ്വസിക്കുന്നവർ മതത്തിന് വെളിയിലാ ണെന്നതിനാൽ തന്നെ ഇസ്ലാമിക രീതിയിൽ ഇത്തരം സംശയം ഉന്നയിക്കുന്നതിന് പ്രസക്തി ഇല്ല. എന്ന് മാത്രമല്ല ഇന്റർനെറ്റ് ഉൾപ്പെടെയുള്ള വിവരസാങ്കേതിക വിദ്യകൾ ശൈത്വാനിക വല യമാണെന്നും അതിനെ തൊട്ട് ജാഗ്രത പാലിക്കണമെന്നും നമുക്ക് ഉത്ബോധനം നൽകുന്നത് ത്വൽസമാത്ത് ചികിത്സക്കാ രല്ല, മറിച്ച് ഉത്തരവാദിത്വമുള്ള മതപണ്ഡിതൻമാരാണ്.

**ചോദ്യം:-** അസ്മാഅ് ത്വൽസമാത്തിലൂടെ സർവ്വരോഗങ്ങൾക്കും ചികിത്സ ചെയ്യാനാകുമോ?

**ഉത്തരം:-** ഇല്ല. ആയുർവേദം, അലോപ്പതി തുടങ്ങി നമ്മുടെ അറി വിൽപ്പെട്ട ഏത് വൈദ്യശാസ്ത്ര ശാഖകൾക്കും അതിന്റേതായ പരിമിതികളുണ്ട്. വിശക്കുന്നുണ്ടെങ്കിൽ ഭക്ഷണം കഴിക്കണം. പകരം മന്ത്രങ്ങൾ ഉരുവിട്ടാൽ പോരാ. ശരീരത്തിൽ മുറിവോ ചതവോ ഉളുക്കോ പറ്റിയാൽ ആയുർവേദ വൈദ്യനെ കണ്ട് തട വിക്കണമെന്നും പനി, വയറിളക്കം മുതലായവ ബാധിച്ചാൽ അലോപ്പതി ഡോക്ടറെ കണ്ട് പരിശോധിച്ച് മരുന്ന് വാങ്ങി കഴി ക്കണമെന്നും പ്രത്യേകം പറയേണ്ടതില്ലല്ലോ?

**ചോദ്യം:** സിഹ്റ്, കണ്ണേറ് മുതലായവ ബാധിച്ചാൽ ഹൈകലുകൾ, മോതിരകല്ലുകൾ, ഏലസ്സുകൾ മുതലായവ ധരിച്ചാൽ അതിന്റെ ഉപദ്രവങ്ങൾ മാറിക്കിട്ടുമോ?

**ഉത്തരം:-** ഇംഗ്ലീഷ് വൈദ്യത്തിൽ ടോണിക്കിനും ആയൂർവ്വേദത്തിൽ ലേഹ്യത്തിനുമുള്ള സ്ഥാനത്താണ് ത്വൽസമാത്തിൽ മേൽ പറയപ്പെട്ടവയ്ക്കുള്ളത്. മരുന്ന് കഴിച്ച് രോഗം മാറ്റിയതിന് ശേഷം കഴിച്ചാൽ മാത്രമേ ടോണിക്കുകളും ലേഹ്യങ്ങളും അവയുടെതായ എനർജി നൽകുന്നുള്ളു എന്നത് പോലെ പ്രതിവിധികൾ ചെയ്ത് സിഹ്റ്, കണ്ണേറ് മുതലായവയിൽ നിന്നും മോചനം നേടിയതിന് ശേഷം മാത്രമെ മേൽ പറയപ്പെട്ടവയ്ക്ക് ഫലം ലഭിക്കുകയുള്ളു.

**ചോദ്യം:-** വീട്, കിണർ മുതലായവ നിർമ്മിക്കുമ്പോൾ അവയ്ക്ക് സ്ഥാനം നോക്കുന്നതിൽ ത്വൽസമാത്ത് പരമായി വല്ല അടിസ്ഥാനവുമുണ്ടോ?

**ഉത്തരം:-** ഒരാൾക്ക് നഹ്സ് ബാധിക്കുന്നുവെങ്കിൽ അത് അയാളുടെ വീട്, ഭാര്യ, വാഹനം എന്നിവയിലൂടെയാണെന്ന് ഹദീസിലുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രമുഖ ത്വൽസമാത്ത് പണ്ഡിതരെല്ലാം നിർമ്മാണ വേളയിൽ സ്ഥാന നിർണ്ണയത്തിന് വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. നിർമ്മാണം നടത്താനുദ്ദേശിക്കുന്ന ഭൂമിയുടെ കിടപ്പ്, ദിശ തുടങ്ങി നിരവധി ഘടകങ്ങൾ നിരീക്ഷണം നടത്തിയാണ് വീടിന് സ്ഥാനം നിർണ്ണയിക്കുന്നത്. ജലത്തിന്റെ ലഭ്യതയേക്കാൾ മറ്റ് പല ഘടകങ്ങളും കിണർ നിർമ്മാണ വേളയിലും ശ്രദ്ധിക്കാനുണ്ട്. ഇവയെക്കുറിച്ച് അറിവില്ലാതെയോ ഇവ പരിഗണിക്കാതെയോ നിർമ്മിക്കുന്ന വീടുകളിലും മറ്റും അസ്വസ്ഥതകളും വിട്ടുമാറാത്ത രോഗങ്ങളും കടബാധ്യതകളും ഉണ്ടായിത്തീരുന്നു. വിശദമായ പഠനത്തിന് വാസ്തു സംബന്ധമായ പുസ്തകങ്ങളും സുറൂറുദ്ധിയാർ എന്ന ഗ്രന്ഥവും വായിച്ചു മനസ്സിലാക്കാവുന്നതാണ്.